പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 91 7.9.2007 -ന് മറുപടിക്ക്

## കാലവർഷക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾ.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. സി.കെ.പി.പത്മനാഭൻ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. പി.ടി.എ. റഹിം. | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

.....

| | |
|---|---|
| (എ) ഇക്കൊല്ലത്തെ കാലവർഷത്തിൽ സംസ്ഥാനത്ത് എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായി എന്ന് വ്യക്തമാക്കുമോ; | (എ) 2007 ലെ തെക്കു പടിഞ്ഞാറൻ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഇതുവരെ 244 പേർ മരണമടഞ്ഞിട്ടുണ്ട്. 17,70,944 ജനങ്ങളെ കാലവർഷക്കെടുതി നേരിട്ട് ബാധിക്കുകയുണ്ടായി. 35337.13 ഹെക്ടറിലായി 18378 ലക്ഷം രൂപയുടെ കൃഷി നാശവും ഉണ്ടായി 2020 വീടുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. 49107 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 3086.84 ലക്ഷം രൂപയുടെ നഷ്ടമുള്ളതായി കണക്കാക്കുന്നു. കാലവർഷക്കെടുതിയിൽ 40537.46 ലക്ഷം രൂപയുടെ പൊതുമുതൽ നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.<br>കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലായി 1532.34 കോടി രൂപയുടെ നാശനഷ്ടമുള്ളതായും കണക്കാക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | എത്രപേർക്ക് ജീവഹാനി സംഭവിച്ചു; | (ബി) | 244 പേർക്ക് ജീവഹാനി സംഭവിച്ചു. |
| (സി) | ആകെ എത്ര കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചതായാണ് കണക്കാക്കിയിട്ടുള്ളത്; | (സി) | ആകെ 1632.34 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | ദുരിതാശ്വാസമായി എത്രകോടി രൂപയുടെ കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നു; എത്രകോടി രൂപയുടെ സഹായം ഇതിനകം ലഭിച്ചു; | (ഡി) | 641.29 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നു. നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും 50 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ഇ) | ദുരിതാശ്വാസം നടത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തു തുക ചെലവാക്കി എന്ന് അറിയിക്കുമോ? | (ഇ) | 304.37 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:92 7/9/2007 ൽ മറുപടിയ്ക്ക്

## ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്.സുനിൽകുമാർ:<br>ശ്രീ.ബാബുപോൾ:<br>ശ്രീ.എ.കെ.ചന്ദ്രൻ:<br>ശ്രീ.കെ.രാജു:<br>ശ്രീമതി.ഇ.എസ്.ബിജിമോൾ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ ഈ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഹൈസ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 6.8.2007 ലെ എൻ.എം1/25336/07/ഡി.പി.ഐ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. |
| (സി) വിദ്യാർത്ഥികൾക്ക് പോഷകാഹാരങ്ങൾ നൽകുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിനു പദ്ധതിയുണ്ട്. 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഉച്ചഭക്ഷണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരു മുട്ട/പഴം നൽകുവാനുള്ള ക്രമീകരണങ്ങൾ നിലവിലുണ്ട്. അതോടൊപ്പം തന്നെ അവരുടെ ഉച്ചഭക്ഷണത്തിൽ പച്ചക്കറികൾ, പോഷകമൂല്യമുള്ള ഇല വർഗ്ഗങ്ങൾ, എന്നിവ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

— തിരുവനന്തപുരം —

എൻ.എം.1/25335/07 ഡിപിഐ

വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി: 6.8.2007

# സർക്കുലർ

വിഷയം: പൊതു വിദ്യാഭ്യാസം - ഹൈസ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി - മാർഗ്ഗ നിർദ്ദേശങ്ങൾ

****

സൂചന:

1984 ൽ 222 വില്ലേജുകളിലായി ആരംഭിച്ച സ്കൂൾ ഉച്ചഭക്ഷണ പരിപാടി ഇന്ന് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെയും 7- ാം ക്ലാസ്സുവരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി നടത്തി വരുകയാണ്. 2007-08 അധ്യയന വർഷം മുതൽ ഹൈസ്കൂൾ ക്ലാസ്സിലെ കുട്ടികളെ കൂടി ഉൾപ്പെടുത്തി ഉച്ച ഭക്ഷണ പരിപാടി വിപുലീകരിയ്ക്കുകയാണ്. പ്രസ്തുത പരിപാടി വിജയകരമായി നടപ്പിലാക്കുന്നതിന് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. ഹൈസ്കൂൾ ക്ലാസ്സുകളിലെ ഉച്ചഭക്ഷണം പരിപാടി 2007 ആഗസ്റ്റ് മാസത്തിൽ ഓണാവധിയ്ക്ക് സ്കൂൾ അടയ്ക്കുന്നതിനു മുൻപായി ഒരു ദിവസം പായസവും കറികളും ഉൾപ്പെടുന്ന ഒരു സദ്യയോടെ ആരംഭിക്കേണ്ടതാണ്. ഇതിനായി സ്കൂൾതല ന്യൂൺ ഫീഡിംഗ് കമ്മിററികൾ രൂപീകരിക്കേണ്ടതാണ്. കമ്മിററിയിൽ പി.ടി.എ പ്രസിഡന്റ് ഹെഡ്മാസ്റ്റർ, വാർഡ് മെമ്പർ, അദ്ധ്യാപക പ്രതിനിധി, ഉച്ചഭക്ഷണം കഴിക്കുന്ന എസ്.സി/എസ്.ററി കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നുള്ള പ്രതിനിധി, മദർ പി.ടി.എ പ്രതിനിധി എന്നിവർ ഉണ്ടായിരിക്കണം. കമ്മിററിയുടെ ചെയർമാൻ പി.ടി.എ പ്രസിഡന്റും മെമ്പർ സെക്രട്ടറി ഹെഡ്മാസ്റ്ററും ആയിരിക്കണം. കമ്മിററികൾ 2007 ആഗസ്റ്റ് 10- ാം തീയതിയ്ക്കകം രൂപീകരിക്കണം.
2. ഫീഡിംഗ് കമ്മിററികൾ യോഗം ചേർന്നു പരിപാടിയുടെ നടത്തിപ്പിനു ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതാണ്. പി.ടി.എ കമ്മിററിയുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായത്തോട് ഭക്ഷണം പാകംചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുവാനും ആവശ്യമായ പാത്രങ്ങൾ വാങ്ങുവാനും ന്യൂൺഫീഡിംഗ് കമ്മിററി ശ്രദ്ധിക്കേണ്ടതാണ്
3. ഉച്ച ഭക്ഷണ പരിപാടിയിൽ പങ്കെടുക്കുന്ന കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും അപേക്ഷ ഹെഡ്മാസ്റ്റർമാർ സ്വീകരിക്കേണ്ടതാണ്. അപ്രകാരമുള്ള കുട്ടികളുടെ പേര് വിവരങ്ങൾ ക്ലാസ്സ് അടിസ്ഥാനത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട ഉപ ജില്ലാ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റ് സമർപ്പിക്കുന്നതിനുമുൻപ് ന്യൂൺ ഫീഡിംഗ് കമ്മിററിയുടെ അംഗീകാരം വാങ്ങിയിരിക്കണം

4. ഉച്ച ഭക്ഷണം തുടർച്ചയായി ലഭിക്കുന്നതിന് കുട്ടികൾ ഓരോ മാസവും 80 % ൽ കുറയാത്ത ദിവസങ്ങളിൽ സ്കൂളിൽ ഹാജരാകേണ്ടതാണ്.

5. സെപ്റ്റംബർ 4 ന് സ്കൂൾ തുറക്കുന്നതോടെ റെഗുലറായി ഉച്ചഭക്ഷണ പരിപാടി ആരംഭിക്കേണ്ടതാണ്. ഒരു കുട്ടിയ്ക്ക് ഒരു ദിവസത്തേയ്ക്ക് 100 ഗ്രാം അരിയും 50 ഗ്രാം പയറുമാണ് അനുവദിച്ചിട്ടുള്ളത് . മാവേലി സ്റ്റോറുകൾ വഴിയാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് . ഇതിനായി ഒരു മാസത്തേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ഇൻഡന്റ് കെ.1 ഫാറത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട ഉപ ജില്ലാ ആഫീസർക്ക് സമർപ്പിക്കണം. ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പാസാക്കിയ ഇൻഡന്റ് പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ അടുത്തുള്ള മാവേലിസ്റ്റോറിൽ നിന്നും എടുക്കേണ്ടതാണ്. ഭക്ഷ്യധാന്യങ്ങൾ മാവേലിസ്റ്റോറിൽ നിന്നു" വാങ്ങുംപോൾ അതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും കേടുകൂടാതെ സൂക്ഷിക്കുവാനും ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കണം. പ്രൈമറി ഉൾപ്പെടെയുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ പ്രൈമറി ക്ലാസ്സുകളിലേയ്ക്കുള്ള ഇൻഡന്റിനൊപ്പം ഹൈസ്കൂൾ ക്ലാസ്സുകളിലേക്ക് ആവശ്യമായ അളവും ചേർത്ത് ഇൻഡന്റ് സമർപ്പിക്കാവുന്നതാണ്.

6. ഉച്ച ഭക്ഷണ പരിപാടിയിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി ഉച്ച ഭക്ഷണ ഹാജർ പുസ്തകം സൂക്ഷിക്കേണ്ടതാണ്. ഓരോ ദിവസവും ഹാജർ രേഖപ്പെടുത്തി വെക്കേണ്ടതാണ്.

7. ഓരോ ദിവസവും ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണവും (1 മുതൽ 5 വരെ, 6 ആന്റ് 7 , 8 മുതൽ 10 വരെ )ഭക്ഷ്യധാന്യങ്ങളുടെ ഉപയോഗം, മിച്ചം തുടങ്ങിയ വിവരങ്ങൾ കെ 2 ഫാറത്തിൽ രേഖപ്പെടുത്തി വെയ്ക്കേണ്ടതാണ്. ഓരോ മാസവും 5- ാം തീയതിയ്ക്ക് മുമ്പായി കെ.2 ഫാറത്തിന്റെ ഒരു പകർപ്പ് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

8. പാചക കൂലി മററു ചെലവുകൾ എന്നിവ ലഭിക്കുന്നതിന് ആവശ്യമായ വൗച്ചറുകൾ കെ.2 ഫാറത്തിനോടൊപ്പം ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കണം. സർക്കുലർ നം. എൻ.എം. (1) /80740/05 തീയതി 9.3.2006 പ്രകാരമായിരിക്കും കണ്ടിജന്റ് ചാർജിന് അർഹത.

9. പാചകത്തിന്റെ ചുമതല കുടുംബശ്രീ , അയൽക്കൂട്ടങ്ങൾ വഴി ഏറെറടുക്കാനുള്ള സാധ്യത ആരായണം ഇതു പ്രാവർത്തികമല്ലെങ്കിൽ മാത്രം സ്കൂൾ ന്യൂൺ ഫീഡിംഗ് കമ്മിററികൾക്ക് പാചക തൊഴിലാളികളെ നിയമിക്കുന്നത് പരിഗണിക്കാം . ഇങ്ങനെ ചെയ്യുംപോൾ എസ്.സി / എസ്.ററി കമ്മ്യൂണിററിയിലുള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്. പാചകപ്പുരയും പാത്രങ്ങളും വൃത്തിയായി സൂക്ഷിക്കുന്നു എന്ന് ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്.

10. 100 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ങ്ത്തുള്ള സ്കൂളുകൾക്ക് പാചക കൂലി പ്രതിദിനം 50 രൂപയാണ്. 100 ൽ കൂടുതൽ കുട്ടികൾ ഉള്ള സ്കൂളുകൾക്ക് ആദ്യത്തെ 100 കുട്ടികൾക്ക് പ്രതിദിനം 50 രൂപയും 100 ൽ കൂടുതൽ വരുന്ന ഓരോ കുട്ടിക്കും 25 പൈസ എന്ന നിരക്കിൽ അധിക കൂലി നൽകുന്നതായിരിക്കും പരമാവധി 150 രൂപയായിരിക്കും . 500ൽ കൂടുതൽ ഫീഡിംഗ് സ്ട്രെങ്ങ്ത്തുള്ള സ്കൂളുകളിൽ രണ്ട് പാചക തൊഴിലാളികളെ നിയമിക്കാവുന്നതാണ്. രണ്ടുപേർക്കും പ്രതിദിനം 150 രൂ പ്രവീതം നൽകേണ്ടതാണ്. എൻ.എം(1) /80740/05 തീയതി 9.3.2006 ലെ ഉത്തരവ് പ്രകാരമായിരിക്കും പാചക കൂലിയുടെ വിതരണം.

11. ഓരോ കുട്ടിയ്ക്കും അനുവദിച്ച അളവിൽ മാത്രമേ ഭക്ഷ്യധാന്യങ്ങൾ ഉപയോഗിക്കാൻ പാടുള്ളൂ.

12. കാലിച്ചാക്കുകളുടെ കണക്കുകൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. കാലിച്ചാക്കുകൾ വിൽപ്പനനടത്തി കിട്ടുന്ന തുക കഴിച്ച് ബാക്കി തുക മാത്രമേ കണ്ടിജന്റ് ചാർജായി വാങ്ങാൻ പാടുള്ളൂ. കാലിചാക്കു വിറ്റുകിട്ടുന്ന തുകയുടെ 4% മൂല്യവർദ്ധിത നികുതിയായി ചെല്ലാൻ അടക്കേണ്ടതാണ്.

ഒപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക്
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക്
   ജില്ലാ ഓഫീസർമാർ സർക്കുലറിന്റെ പകർപ്പ് എല്ലാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് 7 ദിവസത്തിനകം നൽകേണ്ടതാണ്
3 ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

//അംഗീകാരത്തോടെ //

സൂപ്രണ്ട്

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 93 07.09.07ൽ മറുപടിക്ക്

വിഴിഞ്ഞം അന്തർദേശീയ ട്രാൻസ്ഷിപ്മെൻറ് ടെർമിനലിൻെറ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാം കുഴി അലി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. ആർ.സെൽവരാജ് | ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| എ) | വിഴിഞ്ഞം അന്തർദേശീയ ട്രാൻസ് ഷിപ്മെൻറ് ടെർമിനലിൻെറ നിർമ്മാണത്തിന് എത്ര ടെൻഡർ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര വിദേശ കമ്പനികൾ ഉണ്ട്; അവ ഏതെല്ലാമാണ്; | എ) വിഴിഞ്ഞം അന്തർദേശീയ കണ്ടെയ്നർ ട്രാൻസ്ഷിപ് മെൻറ് ടെർമിനലിൻെറ നിർമ്മാണത്തിനായി ഇതുവരെ 23 കമ്പനികൾ ടെണ്ടർ രേഖകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ 6 വിദേശ കമ്പനികൾ ഉൾപ്പെടുന്നു. അവ താഴെ പ്പറയുന്നവയാണ്.<br>i) Maersk India (P) Ltd.<br>ii) PSA India (P) Ltd.<br>iii) Universal Empire Infrastructure Ltd<br>iv) Macknight Infrastructure (P) Ltd.<br>v) Dredging International<br>vi) Cyan Hotels (P) Ltd |
| ബി | ടെണ്ടർ നടപടികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ; | (ബി) 2007 ഒക്ടോബർ മാസം 31 ആണ് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി. 2007 ഡിസംബർ മാസം അവസാനത്തോടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| സി | ടെർമിനലിൻെറ നിർമ്മാണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ആവശ്യമായ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റോഡ്/റെയിൽ കണക്ടിവിറ്റി, ജലവിതരണം, വൈദ്യുതി ലഭ്യത തുടങ്ങിയവ ഒരുക്കേണ്ടത് സംസ്ഥാന സർക്കാരാണ്. അതിനായി സർക്കാരിൻെറ പൂർണ്ണ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br><u>1. റോഡ്/റെയിൽ കണക്ടിവിറ്റി.</u><br>തുറമുഖ പദ്ധതിക്കാവശ്യമായ റോഡ്/റെയിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച് വിശദമായ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ റെയിൽ ഇൻഡ്യാ ടെക്നിക്കൽ ആൻറ് ഇക്കണോമിക് സർവീസസ് ലിമിറ്റഡു (RITES) മായി 31-05-2007 ൽ കരാർ ഒപ്പു വച്ചു. നാലുമാസം കൊണ്ട് പൂർത്തിയാകുന്ന ഈ പ്രവർത്തിക്ക് 45 ലക്ഷം രൂപ നൽകേണ്ടതുണ്ട്.<br><br><u>2. ശുദ്ധജല വിതരണം</u><br>തുറമുഖത്തിന് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനായി വെള്ളായണികായൽ സ്രോതസ്സായി ഒരു ജലവിതരണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിയുമായി 03-07-2007ൽ കരാർ ഒപ്പു വച്ചു. 3.89 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 15 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | |
|---|---|---|
| | | 3. വൈദ്യുതി വിതരണം<br>തുറമുഖപദ്ധതിയുടെ പ്രവർത്തനത്തിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതു സംബന്ധിച്ച് വൈദ്യുതി ബോർഡുമായി ചർച്ചകൾ നടത്തി വരുന്നു. |
| ഡി | ടെർമിനലിൻെറ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തി കരാർ ഒപ്പിട്ടു കഴിഞ്ഞാൽ 3 വർഷം കൊണ്ട് ടെർമിനലിൻെറ വാണിജ്യാടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ടം പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 94 — 07-09-2007-ൽ മറുപടിക്ക്

## പാലക്കാട് റെയിൽവേ ഡിവിഷൻ

ചോദ്യം:
ശ്രീ. പി.സി. ജോർജ്ജ് :

ഉത്തരം
ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ) പാലക്കാട് റെയിൽവേ ഡിവിഷന്റെ കീഴിൽ വരുന്ന പ്രധാന സ്ഥലങ്ങൾമാറ്റി സേലം ഡിവിഷൻ രൂപീകരിക്കാനുള്ള തീരുമാനം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ;

(എ) പ്രാബല്യത്തിൽ വന്നിട്ടില്ല.

(ബി) ഇതുമൂലം പാലക്കാട് ഡിവിഷനുണ്ടാകുന്ന നഷ്ടം എന്തെല്ലാമാണ് ;

(ബി). സേലം ഡിവിഷൻ രൂപീകരിക്കുന്നതുമൂലം പാലക്കാട് ഡിവിഷനിലുള്ള 1132 കി.മീ റെയിൽവേ ലൈനിൽനിന്നും പകുതിയോളം നഷ്ടമാകും ഇത് പാലക്കാട് ഡിവിഷന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കാനിടയുണ്ട്. കൂടാതെ ഈ റെയിൽവെ ഡിവിഷൻ പ്രത്യക്ഷമായും പരോക്ഷമായും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് നൽകിവന്ന സംഭാവനകൾ നഷ്ടപ്പെടാനുമിടയുണ്ട്.

(സി) സേലം ഡിവിഷന്റെ രൂപീകരണത്തെ ചെറുക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി). പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് സേലം ആസ്ഥാനമാക്കി ഒരു പുതിയ റെയിൽവേ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ സംസ്ഥാന സർക്കാർ ശക്തമായ പ്രതിഷേധം റെയിൽ മന്ത്രാലയത്തെ അറിയിച്ചു. കേരള നിയമസഭ ഇതിനെതിരെ ഐകകണ്ഠേന പ്രമേയം പാസാക്കുകയും അത് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തു. മുഖ്യമന്ത്രിയും കേരളത്തിലെ റെയിൽവേയുടെ ചുമതലയുള്ള സംസ്ഥാന നിയമ പാർലമെന്ററികാര്യമന്ത്രിയും കേന്ദ്ര റെയിൽവേമന്ത്രിക്കും പ്രധാനമന്ത്രിക്കും നിവേദനങ്ങൾ നൽകുകയും ചർച്ചകൾ നടത്തുകയും ചെയ്തു. കൂടാതെ ഇത് സംബന്ധിച്ച് മുഖ്യമന്ത്രിയുടേയും സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയുടേയും കേരളത്തിൽ നിന്നുള്ള എം.പി-മാരുടേയും നേതൃത്വത്തിൽ നിവേദകസംഘം പ്രധാനമന്ത്രിയെക്കണ്ട് ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനസർക്കാർ ഈ വിഷയത്തിൽ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തെ എം.പി-മാർ പാർലമെന്റിലും ഇക്കാര്യം സംബന്ധിച്ച് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>നിയമസഭാ ചോദ്യം നം. 95 | 7-9-2007 ൽ<br>മറുപടിയ്ക്ക് |

### അധിക ഫീസ് ഈടാക്കിയ സ്വാശ്രയ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ.<br>ശ്രീ. എം. മുരളി<br>ശ്രീ. ടി. എൻ. പ്രതാപൻ | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) ഈ വർഷം ഇതുവരെ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ വിദ്യാർത്ഥികളിൽ നിന്നും അനുവദനീയമായതിൽ അധികം ഫീസ് ഈടാക്കിയിട്ടുണ്ട്;<br>(ബി) ഏതൊക്കെ കോളേജുകളാണ് ഇപ്രകാരം അധികം ഫീസ് ഈടാക്കിയത്;<br>(സി) അധികമായി ഈടാക്കിയ ഫീസ് തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;<br>(ഡി) അധിക ഫീസ് ഈടാക്കിയ കോളേജുകളുടെ മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (എ), (ബി), (സി) & (ഡി)<br>ഈ വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ അനുവദനീയമായതിൽ അധികം ഫീസ് ഈടാക്കിയത് സംബന്ധിച്ച് സർക്കാരിന് പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ അധികം ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് വ്യക്തമായ പരാതികൾ ലഭിച്ചാൽ അത്തരം പരാതികൾ ഫീ റെഗുലേറ്ററി കമ്മിറ്റി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 96 | 07-09-2007- ൽ മറുപടിയ്ക്ക്

എഞ്ചിനീയറിംഗ്, മെഡിക്കൽ പ്രവേശനം പൂർത്തിയാക്കാൻ നടപടി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ബി. ഗണേഷ് കുമാർ<br>ശ്രീ. കെ. കെ. ഷാജു.<br>ശ്രീ. തോമസ് ചാണ്ടി. | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) പ്രവേശന പരീക്ഷാ കമ്മീഷണർ മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും 'മെറിറ്റ് പ്രവേശനം' ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ സർക്കാർ ക്വാട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദാക്കിയ തീരുമാനത്തിന്റെ ഫലമായിട്ടാണ് പ്രവേശനം ആരംഭിക്കാൻ കാലതാമസം നേരിട്ടത്. |
| (ബി) അന്യ സംസ്ഥാനങ്ങളിലെ എഞ്ചിനീയറിംഗ് മെഡിക്കൽ പ്രവേശനം പൂർത്തിയായിട്ടും കേരളത്തിൽ മെറിറ്റ് പ്രവേശനം പോലും നടക്കാത്ത അവസ്ഥയെ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനായി സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ സർക്കാർ ക്വാട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് സംബന്ധിച്ച് 9-07-07 - ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദാക്കിയ തീരുമാനത്തിന്റെ ഫലമായിട്ടാണ് പ്രവേശനത്തിന് കാലതാമസം ഉണ്ടായിട്ടുള്ളത്. |

| | |
|---|---|
| (സി) മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശനം പൂർത്തിയാക്കി എന്നാണ് ക്ലാസ്സുകൾ [illegible] എന്ന് വെളിപ്പെടുത്തുമോ? | (സി) പ്രൊഫഷണൽ കോഴ്സ് പ്രവേശനം സംബന്ധിച്ച അലോട്ട്മെന്റ് പ്രക്രിയ 16-08-07-ന് ആരംഭിക്കുകയും ആദ്യ അലോട്ട്മെന്റ് ലിസ്റ്റ് 1-09-07-ന് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 13-09-07-ന് അദ്ധ്യയനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.97 7.9.2007 -ന് മറുപടിക്ക്

## പ്രകൃതി ദുരന്തങ്ങളിൽ വീട് തകർന്നവർക്കുള്ള സഹായ പദ്ധതികൾ.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. വി. സുരേന്ദ്രൻപിള്ള | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

.....

(എ) സംസ്ഥാനത്ത് ഉരുൾപൊട്ടലിലും ചുഴലിക്കാറ്റിലും വീടുകൾ പൂർണ്ണമായും തകർന്ന കുടുംബങ്ങളെ സഹായിക്കാൻ ഗവൺമെന്റ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം പദ്ധതിയുടെ വിശദ വിവരം വെളിപ്പെടുത്തുമോ;

(എ) യും (ബി) യും സംസ്ഥാനത്ത് ഉരുൾപൊട്ടലിലും ചുഴലിക്കാറ്റിലും വീടുകൾ പൂർണ്ണമായും തകർന്ന കുടുംബങ്ങളെ സഹായിക്കുന്നതിനായി CRF -ന്റെ മാനദണ്ഡപ്രകാരം പൂർണ്ണമായി തകർന്ന വീടിന് (പക്കാ വീട് ഒന്നിന്) 25,000/- രൂപയും, കച്ചാ വീടുകൾക്ക് 10,000/- രൂപയും സാരമായി കേടുപാട് സംഭവിച്ച പക്കാ വീടിന് 5,000/- രൂപയും, കച്ചാ വീടിന് 2,500/- രൂപയും ഭാഗികമായി നശിച്ച പക്കാ/കച്ചാ വിഭാഗത്തിൽപ്പെടുന്ന വീടുകൾക്ക് 1,500/- രൂപയും കുടിലുകൾക്ക് 2000/- രൂപ വീതവും ധനസഹായം നൽകുന്നതിന് 2/08/07 ലെ സ.ഉ.എം.എസ്.284/07/ഡി.എം.ഡി പ്രകാരം വ്യവസ്ഥയുണ്ട്. ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ സംഭവിക്കുന്ന സമയത്ത് അടിയന്തിര സഹായം നൽകുന്നതിനെ സംബന്ധിക്കുന്ന അടിയന്തിര ദുരിതാശ്വാസനിധിയുടെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ പരിഷ്കരിക്കുകയും തദ

ത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല നിരക്കുകൾ പരിഷ്കരിക്കുന്നതിന് കമ്മിറ്റി കൂടിയ വേളയിൽ വീടുകൾ തകർന്ന കുടുംബങ്ങൾക്ക് കേന്ദ്രത്തിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരം നൽകുവാൻ തീരുമാനിച്ചിട്ടുള്ള തുക സംസ്ഥാന മാനദണ്ഡങ്ങൾ അനുസരിച്ച് നേരത്തെ തന്നെ നിലവിലുണ്ടെന്നും അതിനാൽ വർദ്ധിപ്പിച്ച തുക തികച്ചും അപര്യാപ്തമാണെന്നും ടി തുക വർദ്ധിപ്പിച്ച് നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 2/8/2007 സ.ഉ.എം.എസ്. 284/07/ഡി.എം.ഡി ഉത്തരവ് പ്രകാരം പുതുക്കിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കടൽക്ഷോഭംമൂലം വീടുകൾ പൂർണ്ണമായും തകർന്ന കുടുംബങ്ങളെ സഹായിക്കാൻ ഗവൺമെന്റ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം പദ്ധതിയുടെ വിശദ വിവരം വെളിപ്പെടുത്തുമോ?

(സി) യും (ഡി) യും കടൽക്ഷോഭം മൂലം വീടു തകർന്ന കുടുംബങ്ങളെ സഹായിക്കാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചുവരുന്നു. ഇത്തരം കുടുംബങ്ങളെ താല്ക്കാലികമായി താമസിപ്പിക്കുന്നതിന് താല്ക്കാലിക ഷെഡുകളും മറ്റും പണിയുന്നതിനുള്ള ഫണ്ട് സർക്കാർ അനുവദിക്കുകയും ഇവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. തീരദേശമേഖലകളിൽ ഭവനരഹിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സുനാമി പുനരധിവാസ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 98** **07-09-2007-ൽ മറുപടിക്ക്**

കോളേജുകൾക്കുള്ള ന്യൂനപക്ഷപദവി

| ചോദ്യം<br>ശ്രീ. എ. പി. അനിൽകുമാർ<br>ശ്രീ. ജോർജ് മേഴ്സിയർ<br>ശ്രീ. കെ. ബാബു | ഉത്തരം<br>ശ്രീ. എം. എ. ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക<br>കാര്യവും വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്ത് എത്ര കോളേജുകൾക്ക് ന്യൂനപക്ഷപദവി ലഭിച്ചിട്ടുണ്ട്; ഏതെല്ലാം കോളേജുകൾക്കാണ് ന്യൂനപക്ഷപദവി ലഭിച്ചതെന്നു കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ; | എ) പൂർണവിവരങ്ങൾ ലഭ്യമല്ല. ലഭ്യമായ വിവരമനുസരിച്ച് സംസ്ഥാനത്ത് ആകെ 13 സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| ബി) ഈ പദവി നൽകിയതാരാണ്; | ബി) അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള 13 സ്ഥാപനങ്ങളിൽ 11 സ്ഥാപനങ്ങൾക്ക് ദേശീയ ന്യൂനപക്ഷവിദ്യാഭ്യാസ കമ്മീഷനും 2 സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരുമാണ് ന്യൂനപക്ഷ പദവി നൽകിയിട്ടുള്ളത്. |
| സി) ന്യൂനപക്ഷപദവി ലഭിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിനോടോ ഗവൺമെന്റിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തോടോ അപേക്ഷിച്ചിരുന്നോ; | സി) ന്യൂനപക്ഷപദവി ലഭിക്കുന്നതിനായി സംസ്ഥാനഗവൺമെന്റിൽ 56 സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിരുന്നു. |

| | |
|---|---|
| ഡി) എങ്കിൽ അതനുസരിച്ച്<br>അവയ്ക്ക് ന്യൂനപക്ഷപദവി<br>നൽകിയോ; ഇല്ലെങ്കിൽ<br>എന്തുകൊണ്ട്; | ഡി) ന്യൂനപക്ഷ പദവിക്കായി വിദ്യാഭ്യാസ<br>സ്ഥാപനങ്ങൾ നൽകുന്ന അപേക്ഷകൾ<br>പരിഗണിച്ച് സർക്കാരിന് ശുപാർശ<br>നൽകുവാനായി ജസ്റ്റിസ് പി.എ.മുഹമ്മദിന്റെ<br>അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>ന്യൂനപക്ഷപദവിക്കായി ലഭിച്ച അപേക്ഷകൾ<br>ടി കമ്മിറ്റിയുടെ പരിഗണനയ്ക്കായി<br>അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത<br>കമ്മിറ്റിയാണ് ഇക്കാര്യത്തിൽ അന്തിമ<br>ശുപാർശ നടത്തുന്നത്. |
| ഇ) സംസ്ഥാനം അപേക്ഷ നിരസിച്ച<br>എത്ര സ്ഥാപനങ്ങൾക്ക് ദേശീയ<br>ന്യൂനപക്ഷകമ്മീഷൻ<br>ന്യൂനപക്ഷപദവി നൽകി; | ഇ) ദേശീയ ന്യൂനപക്ഷ കമ്മീഷൻ<br>ന്യൂനപക്ഷപദവി നൽകിയിട്ടില്ല. വിദ്യാഭ്യാസ<br>സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷപദവി<br>നൽകുന്നത് ന്യൂനപക്ഷവിദ്യാഭ്യാസ<br>സ്ഥാപനങ്ങൾക്കായുള്ള ദേശീയ<br>കമ്മീഷനാണ്. |
| എഫ്) മുമ്പില്ലാത്ത വിധത്തിൽ<br>ന്യൂനപക്ഷപദവിക്കുവേണ്ടി<br>സംസ്ഥാനത്തെ കോളേജുകൾ<br>ശ്രമിക്കുന്നതെന്തുകൊണ്ടെന്ന്<br>വ്യക്തമാക്കുമോ? | എഫ്) വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## LIST OF INSTITUTIONS CONFERRED MINORITY STATUS BY NATIONAL COMMISSION FOR MINORITY EDUCATION INSTITUTIONS.

1. Providence college of Teacher Education, Kozhikode.
2. Malankara Orthodox Syrian Church Medical College, Kolenchery
3. Dr.Somervell CSI Medical College, Karakonam, Thiruvananthapuram.
4. CSI College of Nursing, Karakonam, Thiruvananthapuram.
5. St.Joseph College of Engineering and Technology.
6. Mar Sleeva College of Nursing, Palai.
7. Pushpagiri Institute of Medical Sciences and Research Center, Thiruvalla.
8. Pushpagiri College of Dental Science, Thiruvalla.
9. Pushpagiri College of Pharmacy, Thiruvalla.
10. Pushpagiri College of Medical Lab Technology, Thiruvalla.
11. Pushpagiri College of Nursing, Thiruvalla.

## LIST OF INSTITUTIONS CONFERRED MINORITY STATUS BY STATE GOVERNMENT.

1. M.E.S.Engineering College, Malappuram (as per G.O.(MS)No.138/94/H.Edn. dated 07/10/1994
2. M.E.S.College, Marampally, Aluva (MCA Institution) (As per G.O.(MS)No.104/2001/H.Edn. dated 25/08/2001.

(Signed)

സെക്ഷൻ ഓഫീസർ

———  ———  ———

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 99</u> <u>7.9.2007-ൽ മറുപടിക്ക്</u>

## <u>പ്ലസ് വൺ പാഠപുസ്തക വിതരണത്തിലെ കാലതാമസം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി.ടി. അഹമ്മദ്അലി | ശ്രീ. എം. എ. ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും<br>വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് പ്ലസ് വൺ സിലബസും പാഠപുസ്തകങ്ങളും മാറ്റുന്നതിന് സർക്കാർ തീരുമാനമെടുത്തിരുന്നോ; എങ്കിൽ എന്നാണ് ഇത് സംബന്ധിച്ച സർക്കുലർ ഇറങ്ങിയത്; | (എ) കേരളത്തിൽ ഹയർസെക്കണ്ടറി കോഴ്സ് തുടങ്ങിയ 1990 മുതൽ എൻ.സി.ഇ.ആർ.ടി. സിലബസും പാഠപുസ്തകങ്ങളുമാണ് നടപ്പാക്കി വന്നിരുന്നത്. ഇതിന്റെ തുടർച്ചയായി ഈ അധ്യയന വർഷം 7 വിഷയങ്ങൾക്ക് (ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, പൊളിറ്റിക്കൽ സയൻസ്") എൻ. സി. ഇ.ആർ.ടി. പാഠപുസ്തകങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.. 18.06.2007-ൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിറങ്ങി. |
| (ബി) ക്ലാസുകൾ ആരംഭിച്ച ശേഷം സിലബസും പുസ്തകങ്ങളും മാറ്റുവാൻ തീരുമാനമെടുക്കുന്നതിനെ കോടതി വിമർശിച്ചിട്ടുണ്ടോ; | (ബി) പാഠപുസ്തകങ്ങൾ അധ്യയന വർഷം തുടങ്ങുന്നതിന് മുമ്പുതന്നെ ലഭ്യമാക്കാത്തതിനെ സംബന്ധിച്ച് കോടതി പരാമർശിച്ചിട്ടുണ്ട്. |
| (സി) പുതിയ അധ്യയനവർഷം ആരംഭിക്കുന്ന വിവരം നേരത്തെ അറിയാമായിരുന്നിട്ടും പുസ്തകങ്ങൾ മാറ്റുന്ന കാര്യം നേരത്തെ തീരുമാനമെടുക്കാത്തതാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) 2006-07 വർഷം മുതൽ എൻ.സി.ഇ.ആർ.ടി സിലബസ് പുതുക്കുകയും പഴയ പാഠപുസ്തകങ്ങൾ മാർക്കറ്റിൽ നിന്നും പിൻവലിക്കുകയുമുണ്ടായി. ഇതുമൂലം കേരളത്തിൽ പാഠപുസ്തകങ്ങൾ ലഭ്യമല്ലാതെയായി. 2.03.2007-ലെ എൻ.സി.ഇ.ആർ.ടി. ഡയറക്ടറുടെ കത്ത് പ്രകാരമാണ് കേരളത്തിലെ ഹയർസെക്കണ്ടറി സ്കൂളുകളിലെ കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ |

സംസ്ഥാനം തന്നെ അച്ചടിക്കണമെന്ന ആവശ്യം ഗവൺമെന്റിനെ അറിയിച്ചത്. ഇതനുസരിച്ച് 18.6.2007-ലെ സർക്കാർ ഉത്തരവ് പ്രകാരം കെ.ബി.പി.എസ്. മാനേജിംഗ് ഡയറക്ടർക്ക് 26.06.2007-ൽ പ്രിന്റ് ഓർഡർ കൊടുക്കുകയും അപ്രകാരം പാഠപുസ്തകങ്ങൾ വിതരണത്തിന് തയ്യാറാവുകയും ചെയ്തിട്ടുണ്ട്.

(ഡി) പാഠപുസ്തകവിതരണം വൈകിയത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിന് ഇടയാക്കിയ സാഹചര്യം പരിശോധിച്ച് ഭാവിയിൽ ഇതാവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## 6ാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 100

## 7.9.2007 - ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുധാകരൻ :<br>ശ്രീ. ആര്യാടൻ മുഹമ്മദ് :<br>ശ്രീ. എം.എ. വാഹിദ് : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയ നിബന്ധനയിൽ കേരള സർക്കാർ ഒപ്പിട്ടിട്ടുണ്ടോ ; | (എ) ഒപ്പിട്ടിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ; | (ബി) വ്യക്തമാക്കാം. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിയമപരവും, സ്ഥാപനപരവുമായി മാറ്റം വരുത്തേണ്ട വ്യവസ്ഥകൾ മുഴുവൻ അംഗീകരിക്കാവുന്നതല്ല. ആയത് സഹകരണ പ്രസ്ഥാനത്തെ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിൽ നിന്നും വേർപെടുത്തി ആർ. ബി.ഐ നിയന്ത്രണത്തിൽ കൊണ്ടുവരാനും പ്രസ്ഥാനത്തിന്റെ സ്വയംഭരണാധികാരവും, ജനാധിപത്യ സ്വഭാവവും, സാമൂഹ്യ പ്രതിബദ്ധതയും ഇല്ലാതാക്കാനും സഹകരണപ്രസ്ഥാനത്തിന്റെ പ്രയോജനം സമൂഹത്തിലെ സാധാരണക്കാർക്കും മറ്റ് ദുർബല ജനവിഭാഗങ്ങൾക്കും നിഷേധിക്കുന്നതിനും ഇടയാകുന്നതാണ്.<br>(വിശദീകരണക്കുറിപ്പ് കണ്ടാലും) |

| | | | |
|---|---|---|---|
| (സി) | കരാർ ഒപ്പിട്ടാൽ എത്ര കോടി യുടെ സഹായമാണ് കേരള ത്തിലെ സഹകരണ മേഖലയ്ക്ക് ലഭിക്കുവാൻ സാദ്ധ്യതയുള്ളത് എന്നറിയാമോ ; | (സി) | വിശദീകരണക്കുറിപ്പ് കണ്ടാലും |
| (ഡി) | വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പൊതു ചർച്ചയ്ക്ക് വിധേയമാക്കുവാൻ ഉദ്ദേശ്യമുണ്ടോ ; | (ഡി) | വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ മുഴുവൻ അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഇതു സംബന്ധിച്ച് സർക്കാരിൻറെ അഭിപ്രായം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായിട്ടുള്ള തിനാൽ വിശദമായ ചർച്ച ആവശ്യമാണെന്ന് കാണുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം ഇതു സംബന്ധിച്ച് ആർ.ബി.ഐ.- നബാർഡുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കിയിട്ടുള്ളതിനാൽ ഇനിയും മാറ്റം വരുത്തേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് നബാർഡ്/ കേന്ദ്ര സർക്കാരിന്റെ അഭിപ്രായമാണ് അറിയേണ്ടത്. അത് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമാണെന്ന് കണ്ടാൽ വിഷയം പൊതു ചർച്ചയ്ക്ക് വിധേയമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# വിശദീകരണ കുറിപ്പ്

എ) ഹ്രസ്വകാല കാർഷിക വായ്പാ മേഖലയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ചുവടെ പരാമർശിക്കുന്ന കാര്യങ്ങൾക്കാണ് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ സാമ്പത്തിക സഹായ പാക്കേജ് ലക്ഷ്യമിട്ടിട്ടുള്ളത്.

1. നാളിതുവരെയുള്ള സഞ്ചിത നഷ്ടം നിർമ്മാർജ്ജനം ചെയ്യുന്നതിന്.
2. സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റിയിൽ നൽകിയ വായ്പയിൽ കുടിശ്ശികയായവ ബാധ്യവ്യവസ്ഥ പ്രകാരം അടയ്ക്കുവാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടും ലഭിക്കാതെ ബാക്കി നിൽപ്പുള്ള സാഹചര്യങ്ങളിൽ അത് നികത്തുന്നതിനും.
3. ചുരുങ്ങിയ നിശ്ചിത നിലവാരത്തിലേയ്ക്ക് മൂലധനം വർദ്ധിപ്പിക്കാനും.
4. ഗവൺമെന്റിന്റെ ഓഹരി മൂലധനം തിരികെ നൽകുന്നതിനും.
5. സാങ്കേതിക സഹായത്തിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന്.

ബി) ദീർഘകാല വായ്പാ രംഗത്തുള്ള കാർഷിക വികസന ബാങ്കുകളുടെ പുനരുദ്ധാരണത്തിനായി വൈദ്യനാഥൻ കമ്മിറ്റി ശുപാർശചെയ്തിട്ടുള്ളത് പ്രധാനമായും അവയുടെ നാളിതുവരെയുള്ള സഞ്ചിത നഷ്ടം നിർമ്മാർജ്ജനം ചെയ്യാനും, സാങ്കേതിക സഹായത്തിനും, കമ്പ്യൂട്ടർവൽകൃത ഏകീകൃത അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കാനും. ഇന്റേണൽ കൺട്രോൾ. സിസ്റ്റം മോണിറ്ററിംഗ് ആന്റ് ഇൻഫോർമേഷൻ സിസ്റ്റം നടപ്പിലാക്കുവാനും ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനുമാണ്

സി). 31-3-2004-ലെ ആഡിറ്റ് ചെയ്ത ബാക്കി പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സഹായം നിർണ്ണയിക്കുക. ആയതിനുവേണ്ടി സ്പെഷ്യൽ ആഡിറ്റ് നടത്തണമെന്ന നിർദ്ദേശിക്കുന്നു. മാത്രവുമല്ല വായ്പാ പ്രവർത്തനങ്ങൾ മൂലമുണ്ടായ നഷ്ടം മാത്രമേ പാക്കേജിൽ ഉൾപ്പെടുകയുള്ളൂ. കൂടാതെ സാമ്പത്തിക സഹായത്തിന്റെ 53 ശതമാനം മാത്രമേ കേന്ദ്ര സർക്കാർ വഹിക്കുകയുള്ളൂ. 31 ശതമാനം സംസ്ഥാന സർക്കാരും 16 ശതമാനം സഹകരണ മേഖലയും കണ്ടെത്തണം. സഹായത്തിനുവേണ്ടി കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പിടുകയും ആയതുപ്രകാരം പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിഞ്ഞുമാത്രമേ കേന്ദ്ര സഹായം ലഭിക്കുകയുള്ളൂ. കമ്മിറ്റി ശുപാർശചെയ്തിട്ടുള്ള സാമ്പത്തിക പാക്കേജ് പ്രകാരം പ്രവർത്തന ചെലവിന്റെ 50 ശതമാനത്തിൽ കുറയാതെ പലിശ ലഭിക്കുകയുള്ളതും-
ഡിമാന്റിന്റെ 50 ശതമാനത്തിൽ കുറയാതെ റിക്കവറി ഉള്ളതുമായ

സഹകരണ സ്ഥാപനങ്ങൾക്ക് മാത്രമേ സാമ്പത്തിക സഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. 31-3-2004-ലെ ആഡിറ്റ് ചെയ്ത ബാക്കി പത്രത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക 687.15 കോടി രൂപയുടെ നഷ്ടമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത തിയതിയിൽ ഈ സംഘങ്ങളിൽ 34.62 കോടി രൂപ മാത്രമാണ് സർക്കാർ ഓഹരി മൂലധനമായി ബാക്കി നിൽപ്പുള്ളത്. വൈദ്യനാഥൻ കമ്മറ്റി റിപ്പോർട്ട് പ്രകാരം , ഓരോ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിനുമുള്ള അംഗങ്ങളുടെ ഓഹരി മൂലധനത്തിന്റെ 25% ത്തെ അധികരിച്ചിട്ടുള്ള തുക മാത്രമേ വൈദ്യനാഥൻ കമ്മിറ്റി നൽകുകയുള്ളൂ. അപ്രകാരം കണക്കാക്കിയതിൽ സംസ്ഥാനമൊട്ടാകെ 9.14 കോടി രൂപ മാത്രമേ ഈ ഇനത്തിൽ ലഭിക്കുകയുള്ളൂ.

സാമ്പത്തിക സഹായം ലഭിക്കുന്നതിന് സഹകരണ വായ്പാ സംഘങ്ങളുടെ പ്രവർത്തനസ്വാതന്ത്ര്യമായി ബന്ധപ്പെട്ട നിയമപരവും ഭരണപരവുമായ പരിഷ്കാരങ്ങൾ നിർദ്ദിഷ്ട രീതിയിൽ ഭേദഗതി വരുത്താമെന്ന സംസ്ഥാന സർക്കാർ സമ്മതിക്കണം. ആയതിനാൽ സഹകരണ നിയമത്തിൽ അനുസരണം ഭേദഗതി വരുത്തണം. പുനരുദ്ധാരണ പാക്കേജ് പൂർണ്ണമായി നടപ്പാക്കാൻ സർക്കാർ തയ്യാറാകണം. ഏതാനും വ്യവസ്ഥകൾ മാത്രം നടപ്പിലാക്കിയാൽ പോരാ. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ , ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് പലിശ സ്വീകരിക്കുവാനോ, സ്വീകരിക്കാതിരിക്കുവാനോ വിവേചനാധികാരമുണ്ട്. സംഘത്തിന്റെ ഓഹരി മൂലധനത്തിൽ , സർക്കാർ ഓഹരി പൂർണ്ണമായി പിൻവലിക്കുകയും ഭരണ സമിതിയിൽ ഗവൺമെന്റ് നോമിനി പാടില്ല. ഭരണസമിതി അംഗങ്ങളിൽ മൂന്നു പേരെങ്കിലും റിസർവ്വ് ബാങ്ക് നിശ്ചയിക്കുന്ന പ്രൊഫഷണലുകൾ ആയിരിക്കണമെന്നും, പ്രൊഫഷണലുകളെ തെരഞ്ഞെടുക്കാൻ സാധിക്കാതെ വന്നാൽ റിസർവ്വ് ബാങ്കിന് കോ-ഓപ്റ്റ് ചെയ്യാമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. സഹകരണ ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആർ.ബി.ഐ നിശ്ചയിക്കുന്ന പ്രൊഫഷണൽ യോഗ്യത ഉള്ളവരായിരിക്കണം. ജീവനക്കാരുടെ കേഡർ സംവിധാനം അവസാനിപ്പിക്കണം. അതാത് സംഘം തന്നെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ നിയമനം, സേവന വ്യവസ്ഥകൾ തുടങ്ങിയ കാര്യങ്ങൾ നിശ്ചയിക്കണം. സംഘങ്ങൾ സ്വന്തം ഫണ്ടുകൾ വർദ്ധിപ്പിച്ചുകൊണ്ട് മൂലധന പര്യാപ്തത നിർദ്ദിഷ്ട രീതിയിൽ എത്തിക്കണം. കടങ്ങൾ എടുക്കുന്നതിനും, നിക്ഷേപിക്കുന്നതിനും [illegible] അനുയോജ്യമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുവാൻ പൂർണ്ണ സ്വാതന്ത്ര്യം സംഘങ്ങൾക്കുണ്ടായിരിക്കും. മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രുഡൻഷ്യൽ നോംസ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും ബാധകമാക്കുന്നതിനാൽ സംഘങ്ങൾ ലാഭം ഉണ്ടാക്കുക മാത്രം ലക്ഷ്യമാക്കുന്നതിനും കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ ലഭ്യമാക്കുക, വായ്പേതര പ്രവർത്തനങ്ങളായ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില, തറവില എന്നിവ നിശ്ചയിച്ച് കാർഷിക വിളകൾ സംഭരിക്കുന്നതിനോ, കർഷകരുടെ വായ്പേതര ആവശ്യങ്ങൾ നിറവേറ്റുന്നതിനോ കഴിയുന്നതല്ല. സംഘങ്ങളുടെ ഓഡിറ്റ് ചാർട്ടേഡ് അക്കൗ-

ണന്റിന് നൽകണം. ജീവനക്ഷമമായിട്ടുള്ളതും ജീവനക്ഷമമാകുവാൻ സാദ്ധ്യതയുള്ളതുമായ സംഘങ്ങൾക്കു മാത്രമേ പുനഃരുദ്ധാരണ സഹായം ലഭിക്കുകയുള്ളൂ. ജീവനക്ഷമമാകുവാൻ സാദ്ധ്യതയില്ലാത്ത സംഘങ്ങളുടെ സംയോജനമോ, ലയനമോ, സമാപ്തീകരണമോ നടത്തണമെന്നും റിപ്പോർട്ട് നിഷ്കർഷിക്കുന്നു.

ദീർഘകാല വായ്പകൾ നൽകുന്ന കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പുനഃരുദ്ധാരണത്തിന് കാർഷിക ,കാർഷികേതര വായ്പകൾ വിതരണം ചെയ്തതു മുഖേനയുണ്ടായ സഞ്ചിത നഷ്ടം നികത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് റിപ്പോർട്ട് ശുപാർശചെയ്തിട്ടുണ്ട്. കേരളത്തിലെ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളുടെ സഞ്ചിത നഷ്ടം 129.73 കോടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതുപോലെ തന്നെ പ്രസ്തുത ബാങ്കുകളുടെ കമ്പ്യൂട്ടർവൽക്കരണം, ട്രയിനിംഗ് മൂലധന പര്യാപ്ത7% എത്താത്ത സംഘങ്ങളുടെ കുറവ് പരിഹരിക്കുക തുടങ്ങിയവയ്ക്കും സാമ്പത്തിക സഹായം ലക്ഷ്യമിട്ടിട്ടുണ്ട്. സാമ്പത്തിക സഹായത്തിന്റെ യഥാർത്ഥ തുക സ്പെഷ്യൽ ആഡിറ്റ് മുഖേനയേ കണ്ടെത്താനാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 101 — 7.9.2007-ൽ മറുപടിക്ക്

## പ്ലസ് ടു കോഴ്സിലെ പാഠപുസ്തകങ്ങളുടെ ദൗർലഭ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ. എ. അസീസ് | ശ്രീ. എം. എ. ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |
| (എ) പ്ലസ് ടു കോഴ്സിന് സർക്കാർ, എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി പാഠപുസ്തകങ്ങൾ ലഭിക്കാതെ ഓണപ്പരീക്ഷ എഴുതേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പാഠപുസ്തകങ്ങളുടെ ദൗർലഭ്യത്തിന് കാരണമെന്തെന്നും ഇത് എന്നത്തേക്ക് പരിഹരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ; | (ബി) കേരളത്തിൽ ഹയർസെക്കണ്ടറി കോഴ്സ് തുടങ്ങിയ 1990 മുതൽ എൻ.സി.ഇ.ആർ.ടി. സിലബസും പാഠപുസ്തകങ്ങളുമാണ് നടപ്പാക്കി വന്നിരുന്നത്. ഇതിന്റെ തുടർച്ചയായി ഈ അധ്യയന വർഷം 7 വിഷയങ്ങൾക്ക് (ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, പൊളിറ്റിക്കൽ സയൻസ്) എൻ. സി. ഇ.ആർ.ടി. പാഠപുസ്തകങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചു. 2006-07 വർഷം മുതൽ എൻ.സി. ഇ.ആർ.ടി പഴയ പാഠപുസ്തകങ്ങൾ പിൻവലിക്കുകയുണ്ടായി. ഇത് യഥാസമയം എസ്.സി. ഇ.ആർ.ടിയെ അറിയിക്കാതിരുന്നതിനാൽ 2006 -07 വിദ്യാഭ്യാസ വർഷത്തിൽ എൻ.സി.ഇ.ആർ.ടിയുടെ പഴയ പാഠപുസ്തകങ്ങളാണ് സ്റ്റേറ്റ് ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ പിൻതുടർന്നത്. 2.03.2007-ലെ എൻ.സി.ഇ.ആർ.ടി. |

ഡയറക്ടറുടെ കത്ത് പ്രകാരമാണ് കേരളത്തിലെ ഹയർസെക്കണ്ടറി സ്കൂളുകളിലെ കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ കേരളത്തിൽ തന്നെ എൻ.സി.ഇ.ആർ.ടിക്ക് റോയൽറ്റി നൽകി അച്ചടിക്കണമെന്ന ആവശ്യം ഗവൺമെന്റിനെ അറിയിച്ചത്. പഴയ പുസ്തകങ്ങൾ റീ പ്രിന്റ് ചെയ്യാൻ എൻ.സി.ഇ. ആർ.ടി. അനുവാദം നൽകാത്തതു കൊണ്ടും അവ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാലും 11-ാം ക്ലാസിൽ പുതിയ പുസ്തകം പ്രിന്റ് ചെയ്തു നൽകുന്നതിന് 3.06.07-ൽ ചേർന്ന ഹയർ ലെവൽ കമ്മറ്റി തീരുമാനിച്ചു. ഇതനുസരിച്ച് 18.6.2007-ൽ സർക്കാർ ഉത്തരവ് പ്രകാരം കെ. ബി.പി.എസ്. മാനേജിംഗ് ഡയറക്ടർക്ക് 26.06.2007-ൽ പ്രിന്റ് ഓർഡർ കൊടുക്കുകയും അപ്രകാരം പാഠപുസ്തകങ്ങൾ വിതരണത്തിന് തയ്യാറാക്കിവയ്ക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഹൈക്കോടതിയുടെ സ്റ്റേ ഉള്ളതിനാൽ വിതരണം ആരംഭിച്ചിട്ടില്ല. സ്റ്റേ മാറുന്ന മുറയ്ക്ക് വിതരണം ആരംഭിക്കും.

(സി) സ്റ്റേറ്റ് സിലബസിൽ പഠിച്ച് എൻട്രൻസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ വൈകി ലഭിക്കുന്നതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

(സി) & (ഡി)

എൻട്രൻസ് പരീക്ഷ എഴുതുന്നത് രണ്ടാം വർഷ ഹയർസെക്കണ്ടറി പരീക്ഷ എഴുതിയ വിദ്യാർത്ഥികളാണ്. അവർക്കുവേണ്ട പാഠപുസ്തകങ്ങൾ എല്ലാം തന്നെ ആവശ്യാനുസരണം ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 102 07-09-2007-ൽ മറുപടിയ്ക്ക്

"തിരുവനന്തപുരത്തെ ഏവിയേഷൻ അക്കാദമിയുടെ പ്രവർത്തനം"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.വി.ജെ.തങ്കപ്പൻ:<br>ശ്രീ.ബാബു.എം.പാലിശ്ശേരി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>തിരുവനന്തപുരത്തെ ഏവിയേഷൻ അക്കാദമി തുടങ്ങാനുള്ള പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | (എ)<br>തിരുവനന്തപുരത്ത് 14-07-1959 മുതൽ കേരള ഫ്ലയിംഗ് ക്ലബ്ബ് എന്ന സ്ഥാപനം പിന്നീട് കേരള ഏവിയേഷൻ ട്രെയിനിംഗ് സെന്റർ എന്ന നാമധേയത്തിലും 01-06-2006 മുതൽ കമ്പനി ആക്ടിൽ നിന്നും ഒഴിവാക്കി തിരുവിതാംകൂർ-കൊച്ചി-സാഹിത്യ ശാസ്ത്രീയ ധർമ്മ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി എന്ന പേരിലും പറക്കൽ പരിശീലനം,പ്രൈവറ്റ് പൈലറ്റ് പരിശീലനം, കമേഴ്സ്യൽ പൈലറ്റ് ലൈസൻസ് പരിശീലനം എന്നിവ നൽകി പ്രവർത്തിച്ചു വരികയാണ്. എന്നാൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിർദ്ദേശം പ്രകാരം 18-11-2005 മുതൽ പറക്കൽ പരിശീലനം നിർത്തി വച്ചിരിക്കയാണ്. ചീഫ് ഫ്ലൈറ്റ് ഇൻസ്ട്രക്ടറെയും ഗ്രൗണ്ട് ഇൻസ്ട്രക്ടർമാരെയും നിയമിച്ചാൽ മാത്രമേ പറക്കൽ പരിശീലനം പുന:രാരംഭിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് ലൈസൻസ് ലഭിക്കുകയുള്ളൂ. ടി നിയമനങ്ങൾ നടത്തി ഇതിന്റെ പ്രവർത്തനം ഉടൻ തന്നെ പുന:രാരംഭിക്കുന്നതാണ്. |
| (ബി)<br>പരിശീലനത്തിന് എത്ര വിമാനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി)<br>പഴയ മൂന്നു വിമാനങ്ങളും പുതിയതായി വാങ്ങിയ 2 സെസ്ന വിമാനങ്ങളും ഉൾപ്പെടെ ഇപ്പോൾ 5 വിമാനങ്ങളാണ് പരിശീലനത്തിനായി ഉള്ളത്. കൂടാതെ എയ്റോ ക്ലബ്ബിന്റെ ഒരു സെസ്ന വിമാനം കൂടി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി)<br>അക്കാദമിയിൽ തുടക്കത്തിൽ എത്ര പേർക്കാണ് പ്രവേശനം നൽകുന്നത്; | (സി)<br>20 പേർക്ക് പ്രവേശനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി)<br>എയർഹോസ്റ്റസ് പരിശീലനം കൂടി അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി)<br>ഉണ്ട്. |
| (ഇ)<br>അക്കാദമിയുടെ പ്രവർത്തനത്തിന് കേന്ദ്രസഹായം ലഭിക്കുമോ; | (ഇ)<br>ഇപ്പോൾ കേന്ദ്രസഹായം ലഭിക്കുന്നില്ല. |

S. Malathy

സെക്ഷൻ ഓഫീസർ

GOVERNMENT OF KE

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:103 — 7/9/2007 ൽ മറുപടിയ്ക്ക്

'ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത്:<br>ശ്രീ.പള്ളിപ്രം ബാലൻ:<br>ശ്രീ.പി.തിലോത്തമൻ:<br>ശ്രീ.രാജാജി മാത്യു തോമസ്:<br>ശ്രീ.എൻ.അനിരുദ്ധൻ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) 2006 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 33 ശതമാനത്തിൽ താഴെ മാത്രം വിജയമുള്ള സ്കൂളുകളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ മേൻമ ഉറപ്പുവരുത്തുന്നതിന് വേണ്ടി 2006 ഒക്ടോബർ മാസം 2-ാം തീയതി ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പദ്ധതി ആരംഭിച്ചു. |
| (ബി) ഈ പദ്ധതി പരിഷ്കരിച്ച് ഈ അദ്ധ്യയന വർഷം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പുതിയ പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ബി) ഉണ്ട്.<br>2006 ൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 33% ൽ താഴെ വിജയം നേടിയ 104 വിദ്യാലയങ്ങളെയാണ് ഈ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തത്. പ്രസ്തുത വിദ്യാലയങ്ങൾ മൂന്ന് വർഷം നിരന്തരമായി വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ മികച്ച വിജയവും സാമൂഹ്യശ്രദ്ധയും നേടിയ 104 വിദ്യാലയങ്ങളുടെ അനുഭവങ്ങൾ ക്രോഡീകരിച്ച ശേഷം |

തുടർച്ച-പുറം-2

| | |
|---|---|
| | 2007 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ 50% ൽ താഴെ വിജയം നേടിയ വിദ്യാലയങ്ങളെ കൂടി ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തനം ഈ വർഷം മുന്നോട്ട് നീക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ പ്രത്യേക പഠന മാർഗരേഖ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങൾക്കും ക്ലസ്റ്റർ പരിശീലനത്തിലൂടെ വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 104 | 07-09-2007-ൽ മറുപടിയ്ക്ക്

## കായിക മേഖലയുടെ വളർച്ചയ്ക്ക് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീ.സാജുപോൾ:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.വി.ചെന്താമരാക്ഷൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും ടൂറിസവും വകുപ്പു മന്ത്രി) |
| (എ)<br>കായിക മേഖലയുടെ വളർച്ചയ്ക്ക് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ)<br>സംസ്ഥാനത്ത് കായിക മേഖലയുടെ വളർച്ചയ്ക്കായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>(1)സ്പോർട്സ് കൗൺസിൽ വികേന്ദ്രീകരിച്ച് ഗ്രാമതലം വരെ എത്തിക്കുന്നതിന്റെ ഭാഗമായി 2000-ലെ സ്പോർട്സ് ആക്ടിൽ ഭേദഗതി വരുത്തി.<br>(2)അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു വാർഡിൽ ഒരു കളിസ്ഥലം, പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം/സ്വിമ്മിംഗ് പൂൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>(3)ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പുനരാവിഷ്ക്കരിച്ചു.<br>(4)സംസ്ഥാനത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കൂടുതൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനമായവ.<br>എ) ചടയമംഗലത്തെ വനിതാ അക്കാദമി.<br>ബി) കൊല്ലത്ത് ഹോക്കിയ്ക്ക് വേണ്ടിയുള്ള സിന്തറ്റിക് ടർഫ്.<br>സി) ആലപ്പുഴയിലെ ജലകായിക പരിശീലന കേന്ദ്രത്തിന്റെ രണ്ടാം ഘട്ട വികസന പദ്ധതി.<br>ഡി) വയനാട് ജില്ലയിൽ അമ്പെയ്ത്ത് കേന്ദ്രം.<br>(5) **വിഷൻ 2010**<br>2012-ലെ ഏഷ്യൻ ഗെയിംസിനും തുടർന്ന് വരുന്ന ഒളിമ്പിക്സ് മത്സരങ്ങളിലും മെഡൽ നേടുന്നതിന് കേരളത്തിലെ കായിക താരങ്ങളെ പ്രാപ്തരാക്കുന്നതിനായി ശാസ്ത്രീയമായ പദ്ധതികൾ കേരള സ്പോർട്സ് കൗൺസിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>(6) **അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**<br>(എ) എച്ച്.എ.ടി.സി.മൂന്നാർ.<br>കായിക താരങ്ങൾക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഉദ്ദേശിച്ചു കൊണ്ട് സമുദ്ര നിരപ്പിൽ നിന്നും 1600 മീറ്റർ ഉയർന്ന് നിൽക്കുന്ന ഇടുക്കി ജില്ലയിലെ മൂന്നാറിൽ പരിശീലന സൗകര്യം ഏർപ്പെടുത്തുന്നതിനായി 7.5 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് പൂർത്തിയായി വരുന്നു.<br>(ബി) അക്വാട്ടിക് കോംപ്ലക്സ്, പിരപ്പൻകോട്<br>5.80 കോടി രൂപ മതിപ്പ് ചിലവ് വരുന്ന ഈ പ്രോജക്ട് ഭാഗികമായി പൂർത്തിയായിട്ടുണ്ട്.<br>(സി) ഡിസ്ട്രിക് സ്പോർട്സ് കോംപ്ലക്സ് , ആറ്റിങ്ങൽ.<br>2006-ൽ പണി ആരംഭിച്ച ഈ പ്രോജക്ടിന് 3.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളത്. |

GOVERNMENT OF KER

vi) <u>കൊച്ചിയിലെ സിന്തറ്റിക് ട്രാക്ക്</u>
4.7 കോടി രൂപ ചെലവ് ചെയ്ത് പുനർനിർമ്മിച്ച ഈ പ്രൊജക്ട് 30-08-2007-ൽ കായിക കേരളത്തിന് സമർപ്പിക്കുകയുണ്ടായി.

7) <u>ക്യാഷ് അവാർഡ്</u>
ദേശീയ അന്തർദ്ദേശീയ മത്സര വിജയികൾക്ക് നൽകുന്ന ക്യാഷ് അവാർഡ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

8) കായിക താരങ്ങൾക്കുള്ള നിയമനങ്ങൾ
2002 മുതൽ 2004 വരെയുള്ള കായിക താരങ്ങളുടെ നിയമനങ്ങൾ നടന്നു കഴിഞ്ഞു. 2005-ലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ സ്പോർട്സ് ക്വോട്ടാ നിയമനം വർദ്ധിപ്പിക്കുന്നതിനും, കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങൾ, പോലീസ് വകുപ്പ് തുടങ്ങിയവയിൽ കായിക താരങ്ങൾക്കായുള്ള നിയമനങ്ങൾ പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കായിക രംഗം കൂടുതൽ സജീവമാക്കുന്നതിനും, കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും കൂടുതൽ പരിശീലകരുടെ ആവശ്യകതയുണ്ട്. ഇതിനായി പരിശീലകരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്വീകരിച്ചു വരുന്നു.

(ബി)
കഴിഞ്ഞ വർഷം മുൻ വർഷങ്ങളെക്കാൾ എത്ര അധികം തുകയാണ് കായിക വികസനത്തിനായി വിനിയോഗിച്ചത്;

(ബി)
കഴിഞ്ഞ വർഷം മുൻ വർഷത്തെക്കാൾ ഏകദേശം 3 കോടി 45 ലക്ഷത്തോളം രൂപ അധികമായി കായിക വികസനത്തിനായി വിനിയോഗിച്ചിട്ടുണ്ട്.

(സി)
കായിക നയത്തിന്റെ ഭാഗമായി ഈ വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി)
കായിക നയത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രധാന പദ്ധതികൾ ഈ വർഷം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.
1) സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി.
2) കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കൽ.
3) പുനരാവിഷ്കരിച്ച ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി.
4) വനിതാ സ്പോർട്സ് ഹോസ്റ്റലുകൾ സ്ഥാപിക്കൽ.
5) സ്പോർട്സ് ഇൻഫർമേഷൻ കേന്ദ്രം സ്ഥാപിക്കൽ.
6) [illegible]
7) പഞ്ചായത്തുകളിലെ [illegible]
8) [illegible] അത്‌ലറ്റിക് അക്കാദമി.
9) ജില്ലാ സ്പോർട്സ് സമുച്ചയങ്ങൾ

(ഡി)
കായിക താരങ്ങൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

(ഡി)
കായിക താരങ്ങൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിനായി പരിശീലകരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

S. Malathy
സെക്ഷൻ ഓഫീസർ

GOVERNMENT OF KER

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 105 | 7.9.2007 ൽ മറുപടിയ്ക്ക്

## സുനാമി പുനരധിവാസപദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ

**ചോദ്യം**

ശ്രീ എം.കെ.പുരുഷോത്തമൻ :
ശ്രീ.ആനത്തലവട്ടം ആനന്ദൻ :
ശ്രീ.ടി.കെ.സദാശിവൻ :
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.കെ.കുഞ്ഞിരാമൻ :

**ഉത്തരം**

ശ്രീ.കെ.പി.രാജേന്ദ്രൻ,
(റവന്യൂ വകുപ്പ് മന്ത്രി)

എ) സുനാമി പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

എ) സുനാമി പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സെക്രട്ടേറിയറ്റിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ റ്റി.ആർ.പി.സെൽ രൂപീകരിച്ചു.
2. പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുമായി പദ്ധതി നിർവ്വഹണ വകുപ്പുകളിൽ പി.ഐ.യു രൂപീകരിച്ചു.
3. എസ്.എൽ.ഇ.സിയും എസ്.എൽ.എസ്.സിയും പദ്ധതികൾ വിശകലനം ചെയ്ത് അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയക്കുന്നു.
4. മന്ത്രിസഭാ ഉപസമിതി ആഴ്ച തോറും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നു.

പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ കഴിഞ്ഞതോടെ നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ കഴിഞ്ഞു.

1. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി.

....2/-

| | | | |
|---|---|---|---|
| | | | 2. ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് ഭരണാനുമതിയും മറ്റ് അനുമതികളും നൽകാനുള്ള അധികാരം നൽകി.<br>3. പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവലോകനം നടത്താൻ വകുപ്പുകളെ ഉൾപ്പെടുത്തി വർക്ക് ഷോപ്പുകൾ നടത്തി. |
| ബി) | എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാനുള്ളത് ; | ബി) | 1441.75 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| സി) | വിവിധ വകുപ്പുകൾ മുഖേന നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ ; | സി) | ഉണ്ട്. പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സെക്രട്ടേറിയറ്റിൽ ഒരു ടി.ആർ.പി.സെൽ രൂപീകരിച്ചിട്ടുണ്ട്. |
| ഡി) | സുനാമി ബാധിത മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | ഡി) | സുനാമി ബാധിത മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ താഴെപ്പറയുന്ന പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| 1. റോഡുകളും പാലങ്ങളും | - 92.5 കോടി |
| 2. വൈദ്യുതി | - 73 കോടി |
| 3. പോർട്ടുകളും ജെട്ടികളും | - 44.5 കോടി |
| 4. ഫിഷറീസ് തുറമുഖങ്ങൾ | - 97 കോടി |

Rajesh
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 106

7.9.2007-ൽ മറുപടിയ്ക്ക്

## ഭൂ വിനിയോഗ സംരക്ഷണ നയം

ചോദ്യം

ശ്രീ.പ്രൊഫ.സി.രവീന്ദ്രനാഥ്,
ശ്രീ.വി.എൻ.വാസവൻ,
ശ്രീ.കെ.സി.രാജഗോപാൽ,
ശ്രീ.വി.ജെ.തങ്കപ്പൻ
ശ്രീ.പി.വിശ്വൻ.

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യു വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂവിനിയോഗ സംരക്ഷണ നയം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച കരട് നയം എന്ന് പ്രഖ്യാപിക്കും ; | എ) | ഉണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരുമായും ബന്ധപ്പെട്ട വകുപ്പുകളുമായും മറ്റും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കരട് രേഖ തയ്യാറായി വരുന്നുണ്ട്. എത്രയും വേഗം നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നു. |
| ബി) | കരട് നയത്തിൽ നിലവിലുള്ള സമ്പ്രദായത്തിൽ നിന്നും എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ; | ബി) | സംസ്ഥാനത്തിനനുയോജ്യമായ സമഗ്രവും ശാസ്ത്രീയവുമായ ഭൂവിജ്ഞാനസംവിധാനം വികസിപ്പിക്കുക, ശാസ്ത്രീയ ഭൂവിനിയോഗ രീതികൾ ആവിഷ്കരിക്കുക, സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി സംരക്ഷിക്കുകയും ഫലപ്രദമായ രീതിയിൽ ഉപയുക്തമാക്കുകയും ചെയ്യുക എന്നീ ലക്ഷ്യം കൈവരിക്കുവാൻ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു. |
| സി) | കരട് നയം സംബന്ധിച്ച് സംഘടനകളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം ആരായുമോ ? | സി) | ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരുമായും ബന്ധപ്പെട്ട വകുപ്പുകളുമായും ഇതിനകം തന്നെ ചർച്ച ചെയ്തിട്ടുണ്ട്. കരട് നയം പ്രസിദ്ധീകരിച്ച ശേഷം വീണ്ടും കൂടുതൽ ചർച്ചകൾ നടത്താനും എല്ലാ വിഭാഗക്കാരുടേയും അഭിപ്രായം ആരായുവാനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 107 7.9.2007 -ന് മറുപടിക്ക്

## കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച സംസ്ഥാനങ്ങൾക്കുള്ള അടിയന്തിര സഹായം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. എം.ഹംസ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

.....

| | |
|---|---|
| (എ) കാലവർഷക്കെടുതിമൂലം നാശനഷ്ടമുണ്ടാകുന്ന സംസ്ഥാനങ്ങൾക്ക് അടിയന്തിര ദുരിതാശ്വാസ സഹായം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പരിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കാലവർഷക്കെടുതിമൂലം നാശനഷ്ടമുണ്ടാകുന്ന സംസ്ഥാനങ്ങൾക്ക് അടിയന്തിര ദുരിതാശ്വാസ സഹായം നല്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ 27/06/07- ലെ 32-34/2005- NDM ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2/8/07 ലെ സ.ഉ.എം.എസ്.നമ്പർ 284/2007/ ഡി.എം.ഡി പ്രകാരം സംസ്ഥാന സർക്കാർ കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നീ മേഖലകൾ ഒഴിവാക്കി കൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നീ മേഖലകളിൽ ദുരിതാശ്വാസ സഹായം വർദ്ധിപ്പിച്ച് നൽകുന്നതിന് പുതിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ 9/8/2007 ലെ സ.ഉ.എം.എസ്. 290/2007/ഡി.എം.ഡി പ്രകാരം റവന്യൂ |

പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ സബ്കമ്മിറ്റിയിൽ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, സെക്രട്ടറി (മൃഗസംരക്ഷണം), സെക്രട്ടറി (മത്സ്യബന്ധനം), അഗ്രികൾച്ചർ ഡയറക്ടർ തുടങ്ങി 7 അംഗങ്ങൾ ഉണ്ട്. പുതിയ മാർഗ നിർദ്ദേശങ്ങളുടെ കരട് അടിയന്തിരമായി കമ്മിറ്റിയുടെ പരിഗണയ്ക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്തിന് അർഹമായ ദുരിതാശ്വാസം ലഭിക്കുന്നതിന് സഹായകമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്രത്തോളമെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ നിരക്കുകൾ അനുസരിച്ച് അംഗീകരിക്കപ്പെട്ട ദുരന്തങ്ങളിൽ പെട്ടതിന് നിലവിലുള്ള ചിലതിന് സഹായധനം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ വർദ്ധിപ്പിച്ച ദുരിതാശ്വാസ സഹായം സംസ്ഥാനത്തിന്റെ നിലവിലുള്ള സാഹചര്യമനുസരിച്ച് അർഹമായ സഹായമാണ് എന്ന് പറയുവാൻ കഴിയുകയില്ല. 27/7/07 -ൽ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടിയ ദുരിതാശ്വാസ നിധിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള സംസ്ഥാനതല കമ്മിറ്റി ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും സഹായ നിധിയുടെ ഇപ്പോഴത്തെ വർദ്ധനവ് തികച്ചും അപര്യാപ്തമാണെന്നും അതിനാൽ വർദ്ധിപ്പിച്ച് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) കടലാക്രമണത്തിൽ വീട് പൂർണ്ണമായി തകർന്നവർക്ക് ദുരിതാശ്വാസത്തിന് അർഹതയില്ല എന്ന കേന്ദ്ര നിലപാട് തിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(സി) കടലാക്രമണത്തിൽ വീട് പൂർണ്ണമായും തകർന്നവർക്ക് ദുരിതാശ്വാസത്തിന് അർഹതയില്ല എന്ന കേന്ദ്ര നിലപാട് തിരുത്തുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട് കടലാക്രമണം

പ്രകൃതിക്ഷോഭ ദുരന്തമായി കണക്കാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് മുൻപ് തന്നെ പലപ്പോഴായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. അടിയന്തിര ദുരിതാശ്വാസ സഹായം നൽകുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളിൽ കടൽക്ഷോഭം തുടങ്ങിയ ദുരന്തങ്ങൾ പ്രകൃതിക്ഷോഭ ദുരന്തങ്ങളായി ഇപ്പോഴും അംഗീകരിക്കപ്പെടാത്തതിനാൽ കടലോര മേഖല കൂടുതലുള്ള നമ്മുടെ സംസ്ഥാനത്തിന് ഗുണകരമാകുന്നില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.108. 7-9-2007-ൽ മറുപടിക്ക്

നിയമപരിഷ്ക്കരണ കമ്മിഷൻ രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീ.സി.എച്ച് കുഞ്ഞമ്പു<br>ശ്രീമതി. പി.അയിഷാ പോറ്റി | : ശ്രീ.എം.വിജയകുമാർ<br>: (നിയമവും പാർലമെൻററികാര്യവും<br>: സ്പോർട്സും യുവജനക്ഷേമവും<br>തുറമുഖവും വകുപ്പു മന്ത്രി) |
| (എ) നിയമ പരിഷ് ക്കരണ കമ്മീഷൻ രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ : | നിയമ പരിഷ് ക്കരണ കമ്മീഷൻെറ രൂപീകരണ നടപടികൾ അന്തിമ ഘട്ടത്തിലാണ് |
| (ബി) കമ്മീഷൻെറ പരാമർശ വിഷയങ്ങൾ എന്തെല്ലാമാണ് : | കമ്മീഷൻെറ രൂപീകരണത്തോടു കൂടി പരാമർശ വിഷയങ്ങൾ തീരുമാനിക്കുന്നതാണ് |
| (സി)കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദു ചെയ്യുന്നതിനും നിലവിലുള്ള നിയമങ്ങളിലെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നതിനും ആവശ്യമായ ശുപാർശകൾ നൽകുവാൻ കമ്മിഷനോട് ആവശ്യപ്പെടുമോ? | ആവശ്യപ്പെടുന്നതാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

---

# പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 109
07.09.2007 - ൽ മറുപടിക്ക്
**സഹകരണ കോൺഗ്രസ്സ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. ജോസഫ്<br>പ്രൊഫ. കെ.വി. തോമസ്<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സഹകരണ കോൺഗ്രസ്സിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) വ്യക്തമാക്കാം. സാമ്പത്തിക രംഗത്തും സാമൂഹ്യ രംഗത്തും അടിക്കടിയുണ്ടാവുന്ന മാറ്റങ്ങൾ പ്രത്യക്ഷത്തിൽ തന്നെ സ്വാധീനിക്കുന്ന മേഖല എന്ന നിലയിൽ ആ മാറ്റങ്ങൾക്കനുസൃതമായി സഹകരണ പ്രസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിനും സഹകരണ ആക്ടിലും റൂളിലും അതനുസരിച്ച് കാലോചിതമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനുമാണ് സഹകരണ കോൺഗ്രസ്സുകൾ സംഘടിപ്പിച്ചു വരുന്നത്. അതേ ഉദ്ദേശത്തോടുകൂടിയാണ് 6 ാം സഹകരണ കോൺഗ്രസും സംഘടിപ്പിക്കുന്നത്. നിലവിലുള്ള കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടു വരുന്നതിനുള്ള വ്യാപകമായ ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നു വരികയാണ്. അത് ക്രോഡീകരിച്ച് സഹകരണ കോൺഗ്രസിൽ ചർച്ച ചെയ്ത ശേഷം തീരുമാനം എട ുത്ത് തുടർ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സഹകരണ വിദ്യാഭ്യാസം, സഹകരണ നിയമ നിർമ്മാണം, സഹകരണ വിദ്യാഭ്യാസം, സഹകരണ നിയമ നിർമ്മാണം, സഹകരണ വായ്പകൾ, കാർഷികം എന്നിവ ഇതിലെ ചർച്ചാ വിഷയമാണ്. |
| ബി) അടുത്തു നടക്കുവാൻ പോകുന്ന സഹകരണ കോൺഗ്രസ്സിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു; | ബി) ഏകദേശം ഒരു കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. 8 വർഷം മുൻപ് നടന്നതിന് 80 ലക്ഷം രൂപയോളം ചെലവായതായി റിപ്പോർട്ട്. ഇപ്പോൾ ചെലവ് കൂടിയിട്ടുണ്ട്. |
| സി) തുക ഏതെല്ലാം വിധത്തിൽ കണ്ടെത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്; | സി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും ഇതിന്റെ ഗുണഭോക്താക്കൾ എന്ന നിലയിൽ സഹകരണ കോൺഗ്രസ്സിൽ പങ്കെടുക്കുന്ന പ്രതിനിധികളിൽ നിന്ന് 300/ രൂപാ വീതം പ്രതിനിധി ഫീസായി ഈടാക്കാനും അപ്പക്സ് |

സഹകരണ സ്ഥാപനങ്ങളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്ന മറ്റു സഹകരണ സ്ഥാപനങ്ങളിൽ നിന്നും, കൂടാതെ കൃഷി, വ്യവസായം, ക്ഷീരം, കയർ, ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ്, കൈത്തറി, ഫിഷറീസ് വകുപ്പുകൾക്ക് കീഴിലുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലാഭ നഷ്ടം നോക്കാതെ ഒരു നിശ്ചിത തുക സംഭാവന ആയി സമാഹരിക്കുവാനുമാണ് നിശ്ചയിച്ചിട്ടുള്ളത്.

ഡി) സഹകരണ സ്ഥാപനങ്ങൾ സഹകരണ കോൺഗ്രസ്സിന് സംഭാവനയോ സാമ്പത്തിക സഹായമോ നൽകണമെന്ന നിർദ്ദേശം സഹകരണ വകുപ്പോ രജിസ്ട്രാറോ നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ നിർദ്ദേശം ഉൾക്കൊള്ളുന്ന ഉത്തരവിൻെറ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഡി) (ഇ) എന്നാൽ സഹകരണ കോൺഗ്രസ്സിൻെറ നടത്തിപ്പിന് സംഭാവന നൽകാൻ സംഘങ്ങൾക്ക് അനുമതി നൽകണമെന്ന് 28.5.2007 ലെ വി.ആർ. 11309/06 നമ്പർ കത്ത് പ്രകാരം സംസ്ഥാന സഹകരണ യൂണിയൻ അപേക്ഷിച്ചതനുസരിച്ച് അപ്രകാരം സംഘങ്ങൾക്ക് അനുവാദം നൽകികൊണ്ട് 13.6.07 ന.പി.റ്റി. (1) 3313/07 നമ്പർ ഫയൽ പ്രകാരം 34/07 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിൻെറ കാലത്ത് നടത്തേണ്ടിയിരുന്ന സഹകരണ കോൺഗ്രസ് 2004 ൽ നടത്തേണ്ടതായിരുന്നു. അത് നടത്താതെ ഗുരുതരമായ കൃത്യവിലോപമാണ് സഹകരണ വകുപ്പ് കൈകാര്യം ചെയ്തവർ കാണിച്ചത്. അത് ഈ സർക്കാരിൻെറ കാലത്ത് തിരുത്തുകയാണ്. സഹകരണ കോൺഗ്രസ് നടത്തുന്നതിൻെറ പൂർണ്ണ ചുമതല സംസ്ഥാന സഹകരണ യൂണിയനാണ്. സർക്കാർ ഇടപെടാറില്ല. കോൺഗ്രസ് വിജയിപ്പിക്കാൻ സഹായിക്കുകയും ആയതിനുള്ള നിർദ്ദേശങ്ങൾ നൽകുകയുമാണ് സർക്കാർ ചെയ്യുന്നത്. സഹകരണ വിദ്യാഭ്യാസം സഹകരണ യൂണിയൻെറ ചുമതലയാണ് 'സഹകരണ' ത്തിൻെറ സാർവദേശീയ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് കോൺഗ്രസ് നടത്തുന്നത്. ഇത് സഹകരണ പ്രസ്ഥാന ചരിത്രത്തിലെ ചരിത്ര മുഹൂർത്തമാണ്. സഹകരണ കോൺഗ്രസ് കേരളത്തിലെ സഹകാരികളുടെ അഭിമാനമാണ്. സഹകരണ കോൺഗ്രസ് ആവേശ പൂർവമാണ് സഹകാരികൾ വരവേല്ക്കുന്നത് എന്നതാണ് പ്രത്യേകത.

സെക്ഷൻ ഓഫീസർ

<u>വിശദീകരണക്കുറിപ്പ്</u>

കേരളത്തിലെ സഹകരണ മേഖലയുടെ ഏറ്റവും ഉയർന്ന നയരൂപീകരണ വേദിയായിട്ടാണ് സഹകരണ കോൺഗ്രസ്സുകളെ കണക്കാക്കുന്നത്. ഇതിനു മുൻപ് സംസ്ഥാന സഹകരണ യൂണിയൻെറ ആഭിമുഖ്യത്തിൽ അഞ്ച് തവണ സഹകരണ കോൺഗ്രസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 5 വർഷത്തിലൊരിക്കലാണ് സാധാരണ സഹകരണ കോൺഗ്രസുകൾ നടത്താറുള്ളത്. നാഷണൽ കോ-ഓപ്പറേറ്റീവ് യൂണിയൻ ഓഫ് ഇന്ത്യ സംഘടിപ്പിക്കാറുള്ള സഹകരണ കോൺഗ്രസുകളുടെ മാതൃകയും മാർഗ നിർദ്ദേശങ്ങളും സ്വീകരിച്ചു കൊണ്ടാണ് സംസ്ഥാന സഹകരണ യൂണിയനും സഹകരണ കോൺഗ്രസുകൾ സംഘടിപ്പിക്കുന്നത്. സാമ്പത്തിക രംഗത്തും സാമൂഹ്യ രംഗത്തും അടിക്കടിയുണ്ടാവുന്ന മാറ്റങ്ങൾ പ്രത്യക്ഷത്തിൽ തന്നെ സ്വാധീനിക്കുന്ന മേഖല എന്ന നിലയിൽ ആ മാറ്റങ്ങൾക്കനുസൃതമായി സഹകരണ പ്രസ്ഥാനത്തിൻെറ എല്ലാ മേഖലകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിക്കുന്ന ചർച്ച ചെയ്ത തീരുമാനമെടുക്കുന്നതിനും സഹകരണ ആക്ടിലും റൂളിലും അതനുസരിച്ച് കാലോചിതമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനുമാണ് സഹകരണ കോൺഗ്രസുകൾ സംഘടിപ്പിച്ചു വരുന്നത്. അതേ ഉദ്ദേശത്തോടു കൂടിയാണ് 6 - ാം സഹകരണ കോൺഗ്രസ്സും സംഘടിപ്പിക്കുന്നത്. നിലവിലുള്ള കേരള-ഓപ്പറേറ്റീവ് ആക്ടിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടു വരുന്നതിനുള്ള വ്യാപകമായ ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നു വരികയാണ്. അതിനെ ക്രോഡീകരിച്ച് സഹകരണ കോൺഗ്രസ്സിൽ ചർച്ച ചെയ്ത് തീരുമാനം എടുത്ത് തുടർ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ബി) വിദേശ രാജ്യങ്ങളിൽ നിന്നും രാജ്യത്തിനകത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള സഹകാരി നേതാക്കളും കേരളത്തിനകത്ത് നിന്ന് 2500 ഓളം പ്രതിനിധികളും പങ്കെടുക്കുന്ന, 3 ദിവസങ്ങളിലായി എറണാകുളത്ത് ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വച്ച് നടക്കുന്ന സഹകരണ കോൺഗ്രസിന് ഏകദേശം ഒരു കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

ഡി) സഹകരണ കോൺഗ്രസ്സിന് സംഭാവനയോ സാമ്പത്തിക സഹായമോ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ സഹകരണ കോൺഗ്രസ്സിൻെറ നടത്തിപ്പിന് സംഭാവന നൽകാൻ സംഘങ്ങൾക്ക് അനുമതി നൽകണമെന്ന് 28.5.2007 ലെ പി.ആർ. 11309/06 നമ്പർ കത്തു പ്രകാരം സംസ്ഥാന സഹകരണ യൂണിയൻ അപേക്ഷിച്ചതനുസരിച്ച് അപ്രകാരം സംഘങ്ങൾക്ക് അനുവാദം നൽകികൊണ്ട് 13.6.2007 ന് പി.റ്റി. (1) 3313/2007 നമ്പർ ഫയൽ പ്രകാരം 34/2007 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

[signature] 20.

17

നമ്പർ. പി.സി(1)3313/07

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം. 13.6.2007

<u>സർക്കുലർ നമ്പർ - 34/07</u>

വിഷയം: സഹകരണ വകുപ്പ് - സംസ്ഥാന സഹകരണ യൂണിയൻ - 2007 സെപ്റ്റംബറിൽ എറണാകുളത്തുവെച്ച് നടത്തപ്പെടുന്ന 6-ാം സഹകരണ കോൺഗ്രസ് - സഹകരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന നൽകുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്

സൂചന : സംസ്ഥാന സഹകരണ യൂണിയൻ സെക്രട്ടറിയുടെ 28.5.07 പി.ആർ.11309/06 നമ്പർ കത്ത്.

.....

സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പിന്റെയും സംസ്ഥാനത്തിലെ സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ 2007 സെപ്റ്റംബറിൽ എറണാകുളത്തുവെച്ച് നടത്തപ്പെടുന്ന 6-ാം സഹകരണ കോൺഗ്രസിൽ സഹകരണ മേഖലയിൽ നിന്ന് ഏകദേശം 2500 പ്രതിനിധികൾ പങ്കെടുക്കുന്നതാണ്. ടി കോൺഗ്രസിൽ സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുകയും ചെയ്യുമെന്നും, സഹകരണ കോൺഗ്രസിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന പിരിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ഇതിൻപ്രകാരം 2007 സെപ്റ്റംബറിൽ എറണാകുളത്ത് വെച്ച് നടത്തുന്ന 6-ാം സഹകരണ കോൺഗ്രസിന്റെ വിജയകരമായ നടത്തിപ്പിനായി സംസ്ഥാന സഹകരണ യൂണിയന് സംഭാവന നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണസമിതി തീരുമാനത്തിലൂടെ കേരളത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നു.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ
(ഇൻ-ചാർജ്ജ്)

1. ചെയർമാൻ/സെക്രട്ടറി
   സംസ്ഥാന സഹകരണ യൂണിയൻ
   ഊറ്റുകുഴി,
   തിരുവനന്തപുരം.

2. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും
   ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന

തുടർച്ച.......2/

80

3. [illegible]

4. [illegible]
([illegible])

5. [illegible]
[illegible] ([illegible]) [illegible]

6. [illegible]

7. [illegible]

8. [illegible]

9. [illegible]

[illegible]

// [illegible] //

[illegible]

[illegible]/13.6

50

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 110
07.09.2007 - ൽ മറുപടിക്ക്

## സഹകരണ മേഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ദിവാകരൻ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. ടി. ജലീൽ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സഹകരണ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനുമായി എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | എ) വെളിപ്പെടുത്താം. കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ സഹകരണ പ്രസ്ഥാനത്തിനുള്ള സ്വാധീനം കണക്കിലെടുത്ത് സഹകരണ പ്രസ്ഥാനത്തിന്റെ സമൂല പരിവർത്തനവും പുനരുദ്ധാരണവും എന്ന ലക്ഷ്യത്തോടെ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ''സഹകരണ നവരത്നം കേരളീയം'' എന്ന ഒൻപതിന കർമ്മ പരിപാടി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. |

1 <u>സഹകരണ നിക്ഷേപം കേരളീയം</u>

സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുവാനും ആയത് നാടിന്റെ വികസനത്തിന് ഉപയോഗിക്കുവാനും സാധിക്കുന്ന തരത്തിൽ എല്ലാ വർഷവും നവംബർ മാസം നിക്ഷേപ സമാഹകരണ മാസമായി ആചരിക്കുവാൻ തീരുമാനിക്കുന്ന പദ്ധതിയാണ് - ''സഹകരണ നിക്ഷേപം കേരളീയം''.

2 <u>'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം'</u>

സഹകരണ മേഖലയിൽ വർദ്ധിച്ചു വരുന്ന കുടിശ്ശിക/കിട്ടാക്കടം നിവാരണം ചെയ്യുക അതുവഴി സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എല്ലാ ഫെബ്രുവരി മാസവും കുടിശ്ശിക നിവാരണ മാസമായി ആചരിക്കുന്നതോടൊപ്പം 'നഷ്ട

നിവാരണം കേരളീയം' പദ്ധതി നടപ്പിലാക്കുക, അനുബന്ധചെലവുകൾ 50 ശതമാനം കുറക്കുക, വായ്പ തിരിച്ചടവ് ഉറപ്പുവരുത്തുക, ബാങ്ക് ഭരണാധികാരികളുടേയും ജീവനക്കാരുടേയും നിക്ഷേപവും സഹകരണ നിക്ഷേപവും ബാങ്കിൽ തന്നെ നിക്ഷേപിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

3. 'സഹകരണ വിപണനം കേരളീയം'

നിത്യോപയോഗ സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന വിലക്കയറ്റം തടയുന്നതിനും, വിലനിലവാരം പിടിച്ചു നിർത്തുന്നതിനുമായി ഓണം, വിഷു, റംസാൻ, ക്രിസ്തുമസ് എന്നീ ആഘോഷ വേളയിൽ 45 ദിവസം നീണ്ടു നില്ക്കുന്ന പ്രത്യേക മാർക്കറ്റുകൾ കൺസ്യൂമർ ഫെഡറേഷൻ വഴി നടത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

4. 'സഹകരണ കാർഷികം കേരളീയം'

അന്യം നിന്നു പോകുന്ന നെൽകൃഷി പരിപോഷിപ്പിക്കുവാനും നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ സഹായിക്കുന്നതിനുമായി കേന്ദ്ര, സംസ്ഥാന സർക്കാർ സഹായമില്ലാതെ 4% പലിശക്ക് 10,000/- രൂപവരെ നെൽകൃഷിക്ക് വായ്പ നൽകുന്ന പദ്ധതിയാണിത്. കൂടാതെ ഒരേക്കർവരെയുള്ള സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുന്നതിന് പരമാവധി 5,000/- രൂപ വരെ 4% പലിശക്ക് വായ്പ നൽകുന്നു. നെൽകൃഷി, പച്ചക്കറി കൃഷി ഒഴികെയുള്ള കൃഷിക്ക് 15.7.2007 മുതൽ 25,000/ രൂപ വരെ 5.5% പലിശ നിരക്കിലും 25,000/ രൂപാ മുതൽ 50,000/- രൂപ വരെ 6% നിരക്കിലും, 50,000/- രൂപാ മുതൽ 1,00,000/- രൂപാ വരെ 6.5% നിരക്കിലും, 1 ലക്ഷം രൂപാ മുതൽ 3 ലക്ഷം രൂപാ വരെ 7 ശതമാനം നിരക്കിലും വായ്പ നൽകുന്ന ഈ പദ്ധതിയിൽ കാർഷിക വായ്പ കൃഷി ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം കാർഷിക വായ്പകളുടെദുരുപയോഗം തടയുന്നതിനുള്ള കർശന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

5. 'സഹകരണ വിദ്യാഭ്യാസം കേരളീയം'

സഹകരണ മേഖലയിൽ കൂടുതൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുക, നിലവിലുള്ള കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, CAPE ൻെറ ആഭിമുഖ്യത്തിൽ ഓരോ അസംബ്ളി നിയോജക മണ്ഡലത്തിലും ഒരു സഹകരണ പ്രൊഫഷണൽ കോളേജ് സ്ഥാപിക്കുക CAPE ൻെറ വിഷയ വിദഗ്ദരെ ഉൾക്കൊള്ളിച്ച അക്കാദമിക് കൗൺസിൽ എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

6. 'സഹകരണ ആരോഗ്യം കേരളീയം'

ആരോഗ്യ വകുപ്പിൻെറ കീഴിലുള്ള എല്ലാ പ്രൈമറി ഹെൽത്ത് സെൻററുകളിലും താലൂക്ക് ആശുപത്രികളിലും, ആരോഗ്യ വകുപ്പുമായി സഹകരിച്ച് സഹകരണ ക്ലിനിക്കൽ ലബോറട്ടറി സ്ഥാപിക്കുക - മലപ്പുറം, പാലക്കാട്, ജില്ലകൾ കേന്ദ്രീകരിച്ചും - പത്തനംതിട്ട, കൊല്ലം ജില്ലകൾ കേന്ദ്രീകരിച്ചും - ഇടുക്കി ജില്ലയിലും ഓരോ സഹകരണ മെഡിക്കൽ കോളേജ് ആരംഭിക്കുവാനുള്ള സാധ്യത പരിശോധിക്കുക - ഒരു ജില്ലയിൽ ചുരുങ്ങിയത് രണ്ടു സൂപ്പർ സ്പെഷ്യാലിറ്റി സഹകരണ ആശുപത്രികളും ഓരോ താലൂക്കുകളിലും ഓരോ സഹകരണ ആശുപത്രികളും സ്ഥാപിക്കുക സഹകരണ മേഖലയിൽ നഴ്സിംഗ് ഫാർമസി ദന്തൽ കോളേജുകൾ ആരംഭിക്കുക എന്നീ പരിപാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7 'സഹകരണ സാമൂഹ്യം കേരളീയം'

വായനാ സംസ്കാരമ വളർത്തിയെടുക്കുക - കർഷകരേയും കർഷക തൊഴിലാളികളേയും മറ്റ് മേഖലകളിൽ ജോലി ചെയ്യുന്നവരേയും- ഇടത്തരക്കാരേയും, വിദ്യാർത്ഥികളേയും ഈ സംസ്കാരത്തിലേക്ക് ആകർഷിക്കുന്നതിലേക്കായി സാമൂഹ്യ ജീവിതത്തിലെ സമസ്ത മേഖലകളിലും വ്യാപിച്ചു

കിടക്കുന്ന സഹകരണ പ്രസ്ഥാനത്തിലൂടെ ഇത് എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ സഹകരണ സംഘങ്ങളിലും ലൈബ്രറി സ്ഥാപിക്കുക, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിനെ പുനരുജ്ജീവിപ്പിക്കുവാൻ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുക, ദുർബല വിഭാഗത്തിൽപ്പെട്ട പട്ടിക ജാതി/പട്ടിക വർഗ്ഗ വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ സാമൂഹ്യം കേരളീയം ഫണ്ട് രൂപീകരിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

8. 'സഹകരണ അഴിമതി നിവാരണം കേരളീയം'

സംസ്ഥാനത്തെ 6 സോണുകളായി തിരിച്ച് വിജിലൻസ് വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർമാർ സഹകരണ മേഖലയിൽ അഴിമതിക്കേസുകൾ കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും വിസ്തൃതമായ പ്രവർത്തന മേഖലകളും, വർദ്ധിച്ചു വരുന്ന കുറ്റ കൃത്യങ്ങളും, മതിയായ ജീവനക്കാരുടെ അഭാവവും കണക്കിലെടുത്ത് സഹകരണ മേഖലയിലെ അഴിമതിക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ലിന്റെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസർ ആയി നിയമിക്കുക, അദ്ദേഹത്തെ സഹായിക്കുന്നതിനായി 3 ഡി.വൈ.എസ്.പി. മാർ, 3 സർക്കിൾ ഇൻസ്പെക്ടർമാർ 15 പോലീസ് കോൺസ്റ്റബിൾമാർ എന്നിവരടങ്ങിയ വിജിലൻസ് സംവിധാനത്തിനു രൂപം നൽകുക ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആഡിറ്റ് ഡയറക്ടറെ നിയമിക്കുക, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ ഓപ്പറേറ്റീവ് മാനേജ്മെന്റ്, സംസ്ഥാന സഹകരണ യൂണിയൻ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകുക എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

9. 'സഹകരണ പ്രചാരണം കേരളീയം'

അംഗത്വം, നിക്ഷേപം, വായ്പ, എന്നിവയിൽ ഏതെങ്കിലും രീതിയിൽ

കേരളത്തിലെ എല്ലാ വീടുകളും സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെടുത്തുവാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. സർക്കിൾ/പഞ്ചായത്ത്/ജില്ലാ തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക സഹകരണ കോളേജുകളുടെ സിലബസ് ആധുനിക വൽക്കരിക്കുക സഹകരണ കോൺഗ്രസ് നടത്തുക - കാർഷിക വ്യാവസായിക സഹകരണ വിദ്യാഭ്യാസ ശാസ്ത്ര സാങ്കേതിക പ്രദർശനം സംഘടിപ്പിക്കുക കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിനു സമീപം ക്ലിനിക്കൽ ലബോറട്ടറികൾ, പ്രധാന നഗരങ്ങളിൽ കോഫി ഹൗസ് മോഡൽ റസ്റ്റോറന്റുകൾ, ത്രിവേണി മാർക്കറ്റുകൾ എന്നിവ ആരംഭിക്കുക എസ്.സി./എസ്.ടി. ഫെഡറേഷൻ, വനിതാ ഫെഡറേഷൻ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക കാർഷിക വികസന ബാങ്കുകൾ ഇല്ലാത്ത 15 താലൂക്കിലും, കാർഷിക വികസന ബാങ്കുകൾ ആരംഭിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന സഹകരണ അദാലത്ത് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഇതിനകം നടന്നു കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| ബി) സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; | ബി) സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പരാതികളും നിവേദനങ്ങളും/ഫയലുകളും തീർപ്പാക്കുന്നതിനായി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 26.7.2007 ന് വി.ജെ.ടി ഹാളിൽ വച്ച് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ സഹകരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസുമായി ബന്ധപ്പെട്ടും, 27.7.2007 ന് വൈ.എം.സി.എ. ഹാളിൽ വച്ച് സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസുമായി ബന്ധപ്പെട്ടും അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| സി) ജില്ലാ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | സി) 18.8.2007 ന് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, ജില്ലകളിലും 24.8.2007 ന് കൊല്ലം, കാസർഗോഡ് ജില്ലകളിലും 25.8.2007 ന് മലപ്പുറം, എറണാകുളം, കണ്ണൂർ, ജില്ലകളിലും 1.9.2007 ന് ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് വയനാട് ജില്ലകളിലുമായി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ സർക്കിൾ തല അദാലത്തും നടത്തുന്നതാണ്. |

14 അദാലത്തുകൾ നടത്തി.

ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയിൽ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; മുൻ വർഷങ്ങളേക്കാൾ നിക്ഷേപം കൂടിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ഡി) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 18.5.2006 ലെ കണക്കു പ്രകാരം സംസ്ഥാനത്ത് സഹകരണ മേഖലയിൽ ആകെ 20287.23 കോടി രൂപ നിക്ഷേപം ബാക്കി നിൽപ്പുണ്ടായിരുന്നു. 30.6.2007 ന് അവസാനിച്ച പാദത്തിലെ കണക്കുപ്രകാരം സംസ്ഥാനത്ത് സഹകരണ മേഖലയിൽ ആകെ 29709.65 കോടി രൂപാ നിക്ഷേപം ബാക്കി നിൽപുണ്ട്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപത്തിൽ 9422.42 കോടി രൂപായുടെ അറ്റ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതായത് 2006 നവംബർ മുതൽ 2007 ജനുവരി വരെയുള്ള കാലത്ത് ഈ സർക്കാരിന്റെ നിർദ്ദേശ പ്രകാരം ആവിഷ്കരിച്ച സഹകരണ നിക്ഷേപം കേരളീയം വഴി 10,000 കോടിയിൽ പരം രൂപയും 2007 മാർച്ച് മാസത്തിൽ നടത്തിയ പരമ്പരാഗത നിക്ഷേപ സമാഹകരണ കാമ്പയിൻ വഴി സ്വരൂപിച്ച ഇരുപത്തി രണ്ടായിരം കോടി രൂപ നിക്ഷേപമായി സമാഹരിച്ചിട്ടുണ്ട്. അപ്രകാരം 32 കോടിയോളം രൂപ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി സമാഹരിച്ചു. ഇതൊരു ചരിത്ര സംഭവമാണ്. പ്രസ്ഥാനത്തിൽ അത്രമാത്രം ജനവിശ്വാസം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. നിക്ഷേപങ്ങൾ കുറയുകയാണെന്ന്, അഴിമതി നടത്തി തൽക്കാലം രക്ഷപ്പെട്ട് നിൽക്കുന്നവർക്ക് കേരള ജനത നൽകിയ ചുട്ട മറുപടിയാണിത്. നിക്ഷേപത്തിൽ ഭൂരിഭാഗവും ഹ്രസ്വകാല നിക്ഷേപങ്ങളായതിനാൽ വേഗം പിൻവലിക്കപ്പെടുന്നു എങ്കിലും ഈ ഗവൺമെന്റിന്റെ കാലത്ത് അറ്റ നിക്ഷേപത്തിൽ 9 കോടിയുടെ വർദ്ധനയുണ്ടായി. അങ്ങനെ ഇപ്പോൾ ആകെ അറ്റ നിക്ഷേപം 29 കോടി രൂപയായി വർദ്ധിച്ചു. സഹകരണ ക്രഡിറ്റ് മേഖലയിൽ നിക്ഷേപം 50,000/- കോടി രൂപയായി വർദ്ധിപ്പിക്കാനാണ് ഗവ. ലക്ഷ്യമിടുക്കത്. മേൽ പറഞ്ഞ നിക്ഷേപം PACs, അർബൻ ബാങ്കുകൾ ഇതര ത്രി തല ക്രഡിറ്റ് സ്ഥാപനങ്ങളുടെ മാത്രം കണക്കാണ്. ഇത് കൂടാതെ 1600 ഓളം വരുന്ന എംപ്ലോയീസ് ക്രഡിറ്റ് സംഘങ്ങൾ അടക്കമുള്ള വൈവിധ്യമാർന്ന സഹകരണ സംഘങ്ങളിലെ നിക്ഷേപം പതിനായിരം കോടിയോളം രൂപയടക്കം 40,000 കോടി രൂപ സഹകരണ മേഖലയിൽ ആകെ നിക്ഷേപമായുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ::111 7.09.2007-ൽ മറുപടിയ്ക്ക്

## സ്കൂൾ ബാഗുകളുടെ ഭാരം കുറയ്ക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.കെ.വി.അബ്ദുൾഖാദർ<br>ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) സ്കൂൾബാഗുകളുടെ ഭാരം കുറയ്ക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) ഇതു സംബന്ധിച്ച്, ഹൈക്കോടതി നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. |
| ബി) നോട്ടുബുക്കുകളുടേയും പുസ്തകങ്ങളുടെയും ഭാരം കുട്ടികൾക്ക് താങ്ങാനാവുന്നതിലധികമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ; | ബി) ഉണ്ട് |
| സി) ഓരോ വിഷയത്തിന്റെയും ടെക്സ്റ്റ് ബുക്കുകൾ മൂന്നു ടേം ആയി തിരിച്ച് മൂന്നു പുസ്തകങ്ങൾ വീതമാക്കി നൽകുന്ന നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ; | സി) 2008-2009 അദ്ധ്യയന വർഷം മുതൽ 2,4,6,8,10 ക്ലാസ്സുകളിലെ പാഠ പുസ്തകങ്ങൾ രണ്ട് ഭാഗമായി തിരിച്ച് പ്രിന്റ് ചെയ്ത് വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ഡി) സ്കൂൾ ബാഗുകളുടെ ഭാരം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഡി) സ്കൂൾ ബാഗുകളുടെ ഭാരം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 112** **07-09-2007-ൽ മറുപടിയ്ക്ക്**

**"യുവകർമ്മ സേന രൂപീകരണം"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ:<br>ശ്രീ.വി.എസ്.സുനിൽകുമാർ:<br>ശ്രീ.രാജാജി മാത്യു തോമസ്:<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ.കെ.അജിത്: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ യുവകർമ്മസേന രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ സേനയുടെ സംഖ്യാ ബലം എത്രയായിരിക്കും; | (എ)<br>ഉണ്ട്. ജില്ലാ തലത്തിൽ യുവകർമ്മസേന സംഘടിപ്പിക്കുന്ന നടപടി പൂർത്തിയായി വരികയാണ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ യുവകർമ്മസേന രൂപീകരണം പൂർത്തിയായിട്ടുണ്ട്. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും യുവകർമ്മസേന രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ നടപടികൾ നടന്നു വരുന്നു. ജില്ലാ തലത്തിൽ യുവകർമ്മ സേനയുടെ സംഖ്യാബലം 100 പേരിൽ കുറയാത്തതായിരിക്കണം എന്നാണ് തീരുമാനം. ഇതു പോലെ തന്നെ ഓരോ ഗ്രാമപഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും, കോർപ്പറേഷനിലും നൂറിൽ കുറയാത്ത അംഗസംഖ്യയോടെ യുവകർമ്മ സേന സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി)<br>ഈ സേനയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ? | (ബി)<br>ദുരന്ത മേഖലകളിൽ രക്ഷാ പ്രവർത്തനം, ശുചീകരണ പ്രവർത്തനങ്ങൾ ബോധവൽക്കരണ പരിപാടികൾ, പകർച്ച വ്യാധികൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പു സംഘാടനം, ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കൽ തുടങ്ങിയവയാണ് യുവകർമ്മ സേനയുടെ പ്രവർത്തനങ്ങൾ. |

S. Mulu Ny

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 113

7.09.2007 ൽ മറുപടിക്ക്

## കയർ ഉല്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി ) |
| (എ) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ)<br>• കയറുല്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണി മെച്ചപ്പെടുത്തുന്നതിനായി രാജ്യത്തെ പ്രധാന നഗരങ്ങളിൽ വ്യാപാര മേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിന് ധനസഹായം നൽകി വരുന്നു. കൂടാതെ ദൂരദർശൻ, ആകാശവാണി, പ്രധാന പത്രങ്ങൾ, മാസികകൾ തുടങ്ങിയവ വഴി നടത്തുന്ന പരസ്യചെലവിന്റെ 50% തുക ഗ്രാന്റായി കയർ ഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാററിംഗ്സ് (ഇൻഡ്യ) ലിമിററഡ് എന്നിവയ്ക്ക് സർക്കാർ നൽകി വരുന്നു.<br>• കയറിന്റെയും കയറുല്പന്നങ്ങളുടെയും ആഭ്യന്തര വിദേശ വിപണി വികസിപ്പിക്കുന്നതിനും പഠനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| | • കേരളത്തിലെ കയറിനും കയറുല്പന്നങ്ങൾക്കും ഒരു ബ്രാന്റ് ഇമേജ് ഉണ്ടാക്കുന്നതിന് നടപടികൾ എടുത്തു വരുന്നുണ്ട്.<br>• കയറിനും കയറുല്പന്നങ്ങൾക്കും പുതിയ വിപണികൾ കണ്ടെത്തുന്നതിനും വിപണനത്തിന് പ്രൊഫഷണൽ രീതി അവലംബിക്കുന്നതിനുമായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ വിപണി വികസന സഹായം (എം.ഡി.എ) സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങളായ കയർ കോർപ്പറേഷൻ, ഫോം മാററിംഗ്സ് (ഇൻഡ്യ) ലിമിററഡ് എന്നിവയ്ക്കും നൽകി വരുന്നു.<br>• വിദേശ കമ്പോളത്തിലെ ഗതിക്കനുസൃതമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സോഫ്ററ് വെയറുള്ള കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു.<br>• 2007 ഓണക്കാലത്ത് സ്ഥിരം വില്പനശാലകൾക്ക് പുറമെ കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാററിംഗ്സ് (ഇൻഡ്യ ലിമിററഡ്, കയർഫെഡ് എന്നിവയുടെ 142 ഓണം വില്പനശാലകൾ സംസ്ഥാനത്ത് ഉടനീളം തുറന്നു പ്രവർത്തിച്ചിരുന്നു. അവയിൽ ചിലത് ഇപ്പോഴും തുടരുന്നുണ്ട്. ഇതുവരെ ലഭിച്ച പ്രാഥമിക കണക്കുകൾ അനുസരിച്ച് മുൻവർഷങ്ങളെക്കാൾ വളരെ ഉയർന്ന വില്പനയാണ് ഈ വില്പനശാലകൾ വഴി നേടാൻ കഴിഞ്ഞത്.<br>• ന്യൂഡൽഹി, ബോംബെ എന്നിവിടങ്ങളിൽ കയർഫെയറുകളും ബയർ സെല്ലർ മീററുകളും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| (ബി) കേരളാ കയറിന്റെ 'ബ്രാന്റ് നെയിം' പ്രചരിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ബി)<br>• 2007 ജനുവരി 26 ന് " Kerala Coir Golden Yarn of God's Own Country" എന്ന ലോഗോ ഔപചാരികമായി പുറത്തിറക്കി യിരുന്നു. ഈ ചടങ്ങിന് ആവശ്യമായ ജനശ്രദ്ധ ലഭിക്കുന്നതിന് പ്രധാന പത്രങ്ങ ളിൽ അന്നേ ദിവസം പരസ്യങ്ങൾ നൽകി യിരുന്നു. കയർ മേഖലയിലെ വ്യത്യസ്ഥ വിഭാഗങ്ങളുടെയും പൊതുജനങ്ങളുടെ യും സാന്നിദ്ധ്യം ഉണ്ടായിരുന്ന വലിയ ഒരു പൊതുസമ്മേളനത്തിൽ വച്ച് ബഹു; മുഖ്യമന്ത്രിയാണ് ലോഗോ പ്രകാശനം ചെയ്തത്.<br>• "ബ്രാന്റ് ലോഗോ" പ്രചരിപ്പിക്കുന്നതിനായി ഒരു ഒഫീഷ്യൽ വെബ് സൈററ് ആരംഭി ച്ചിട്ടുണ്ട്. ബ്രാന്റ് ലോഗോ രജിസ്ട്രേഷൻ നേടാനുള്ള നടപടികളും വകുപ്പ് ത്വരിത ഗതിയിൽ നടത്തി വരുന്നുണ്ട്.<br>• കേരളാ സ്റേററ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങളുടെ നിലവിലുള്ള ഷോറൂമുകളെ അന്തർദേ ശീയ നിലവാരത്തിൽ ഫർണീഷ് ചെയ്ത് 'കയർ ഷോപ്പ്' എന്ന പേരിൽ ഗുണ നിലവാരമുള്ള ബ്രാന്റഡ് കയർ ഉല്പന്ന ങ്ങൾ വില്പന നടത്തുന്നതിനുള്ള നടപടി കൾ എടുത്തു വരുന്നു.<br>• 20 മിനിട്ട് ദൈർഘ്യത്തിൽ കേരള കയർ ബ്രാന്റ് ലോഗോ പ്രചാരണത്തിനായി ഒരു ഡോക്യുമെന്ററി ഫിലിം തയ്യാറാക്കുന്ന നടപടി പൂർത്തിയായി വരുന്നു.<br>• 2007 ഓണക്കാലത്ത് കേരള സ്റേററ് കയർ കോർപ്പറേഷൻ, ഫോം മാററിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ്, കയർഫെഡ് എന്നീ സ്ഥാപനങ്ങൾ 142 താല്ക്കാലിക വില്പന |

| | |
|---|---|
| | ശാലകൾ പ്രവർത്തിപ്പിച്ചിരുന്നു. അവയ്ക്കെല്ലാം ബ്രാന്റ് ലോഗോ പതിപ്പിച്ച ഒരേ തരത്തിലുള്ള നെയിം ബോർഡുകളാണ് സ്ഥാപിച്ചിട്ടുള്ളത്.<br>• 2007 ഓണക്കാലത്ത് സംഘടിപ്പിച്ച മൊബൈൽ വാൻ ഡിസ്പ്ലേ, സംസ്ഥാനത്തുടനീളം ബ്രാന്റ് ലോഗോ പ്രചരിപ്പിക്കുന്നതിന് സഹായകമായി.<br><br>(signature)<br>സെക്ഷൻ ഓഫീസർ |

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 114** **7.9.2007-ൽ മറുപടിക്ക്.**

### സംസ്ഥാനത്ത് ലാൻറ് മാഫിയ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.പി. മുഹമ്മദ് | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(ബഹു.റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ലാൻറ് മാഫിയ ശക്തമായ രീതിയിൽ പ്രവർത്തിക്കുന്നു എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) കൊല്ലം, എറണാകുളം, ഇടുക്കി, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ അന്വേഷണം നടത്തിയിട്ടുണ്ട്. മറ്റു ജില്ലകളിലും അന്വേഷണം വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ലാൻറ് മാഫിയ ഏതെല്ലാം നഗരങ്ങളിലും ജില്ലകളിലുമാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ റിയൽ എസ്റ്റേറ്റ് മാഫിയകൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:115 7/9/2007 ൽ മറുപടിയ്ക്ക്

## പരസ്യം ഉൾക്കൊള്ളുന്ന ചോദ്യപേപ്പറുകൾ

| ചോദ്യം<br>ശ്രീ.ജി.കാർത്തികേയൻ:<br>ശ്രീ.ബി.ബാബുപ്രസാദ്: | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽ പരസ്യം ഉൾക്കൊള്ളുന്ന ചോദ്യപേപ്പറുകൾ ഇക്കഴിഞ്ഞ ഓണ പരീക്ഷയ്ക്ക് കുട്ടികൾക്ക് നൽകിയിരുന്നോ; | (എ) മണ്ണൂർക്കോണം ഇടനില യു.പി.സ്കൂളിലെ മൂന്ന്, ആറ് ക്ലാസ്സുകളിലേയ്ക്കുള്ള കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ ചോദ്യപേപ്പറിൽ പരസ്യം ഉൾപ്പെടുത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മൂന്ന്, ആറ് ക്ലാസ്സുകളിൽ കമ്പ്യൂട്ടർ സയൻസിന് സർക്കാർ അംഗീകൃത പാഠ്യപദ്ധതിയോ പാഠപുസ്തകങ്ങളോ നിലവിലില്ല. അതിനാൽ പ്രസ്തുത സ്കൂൾ സ്വന്തം നിലയിൽ നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പറാണത്. |
| (ബി) ഈ പ്രവണതയെ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; | (ബി) ഇല്ല. |
| (സി) ഇല്ലാത്തപക്ഷം ഇത്തരത്തിലുള്ള ചോദ്യപേപ്പർ വിതരണം ചെയ്യുവരുടെമേൽ നടപടിയെടുക്കുമോ? | (സി) പരസ്യം ഉൾക്കൊള്ളുന്ന ചോദ്യപേപ്പറുകൾ വിതരണം ചെയ്യാനിടയായ സാഹചര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരുടെമേൽ നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭ ചോദ്യം നമ്പർ : *116

07.09.2007-ൽ
മറുപടിയ്ക്ക്

<u>കൈയേറിയ ദേവസ്വം ഭൂമി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എം.എം.മോനായി:<br>ശ്രീ.കെ.കെ.ദിവാകരൻ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.ടി.പി..കുഞ്ഞുണ്ണി:<br>ശ്രീ.സി.എം.ദിനേശ് മണി: | ശ്രീ.ജി.സുധാകരൻ<br>ബഹുമാനപ്പെട്ട<br>സഹകരണവും കയറും<br>ദേവസ്വവും വകുപ്പ് മന്ത്രി. |
| (എ) വിവിധ ദേവസ്വങ്ങളുടെ ഭൂമി കൈയേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഭൂമിയാണ് കൈയേറിയിട്ടുള്ളതു്;<br><br>(ബി) കൈയേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിനു് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കൈയേറ്റഭൂമി അളന്നു് തിട്ടപ്പെടുത്തുന്നതിനു് ബന്ധപ്പെട്ട താലൂക്ക് സർവ്വേ വിഭാഗം വഴി അളന്നു് തിരിച്ച് കൃത്യമായ നഷ്ടം കണക്കാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. എന്നാൽ ഒന്നും ഇതുവരെ സർക്കാരിൽ റിപ്പോർട്ടു ചെയ്തിട്ടില്ല. ദേവസ്വം ഭൂമി സർവ്വേ ചെയ്യുന്നതിനും ലാന്റ് കൺസർവൻസി ചട്ടങ്ങൾ അനുസരിച്ച് കൈയേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കുന്നതിനു് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വഴിയും, കോടതി വഴിയും നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിലുള്ള 386 ക്ഷേത്രങ്ങളുടെ ഭൂമി സർവ്വേ ചെയ്തതിൽ 302 ക്ഷേത്രങ്ങളുടെ 9654.59 ഏക്കർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

———— ————

കയ്യേറിയ ക്ഷേത്ര ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത് അതാതു ക്ഷേത്ര ഭരണാധികാരികളാണ്. അതാതു ക്ഷേത്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിന് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 27 ക്ഷേത്രങ്ങളിലെ ഭൂമി അളന്നതിൽ 1.46 ഏക്കർ കയ്യേറ്റമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 1.036 ഏക്കർ വിട്ടുകിട്ടിയിട്ടുണ്ട്. ബാക്കി ഭൂമി വിട്ടുകിട്ടുന്നതിന് സത്വര നടപടികൾക്കായി സ്പെഷ്യൽ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വം വക തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക് മണത്തല വില്ലേജിൽ 2.53 ഏക്കറും, പൂക്കോട് വില്ലേജിൽ 18 സെന്റ് സ്ഥലവും കയ്യേറിയിട്ടുണ്ട്.

ചാവക്കാട് താലൂക്ക് മണത്തല വില്ലേജിൽ 2.53 ഏക്കർ സ്ഥലം കയ്യേറിയത് ഒഴിപ്പിക്കുന്നതിനെതിരെ ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന ഒ.പി.6959/2000 കേസ്സിൽ 4.7.2007-ന് ദേവസ്വത്തിന് അനുകൂല വിധി ഉണ്ടായതനുസരിച്ച് ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാൻ തൃശ്ശൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാവീട് കാർത്ത്യായനി ക്ഷേത്രത്തോട് ചേർന്ന് കയ്യേറ്റം നടത്തിയിട്ടുള്ള 18 സെന്റ് സ്ഥലം തിരികെ പിടിക്കാൻ നടപടി എടുക്കുന്നതിന് ഗുരുവായൂർ ദേവസ്വം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിൽ 10 വില്ലേജുകളിലായി 74 ഏക്കർ ഭൂമിയാണുള്ളത്. ഇത് അളന്ന് തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ കയ്യേറ്റമുണ്ടോ എന്ന് അറിയാൻ കഴിയില്ല. ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും അന്യാധീനപ്പെട്ടവ വീണ്ടെടുക്കുന്ന

തിനും ദേവസ്വം കമ്മീഷണറുടെ ശുപാർശയോടുകൂടിയ പ്രപ്പോസൽ സർക്കാരിനു് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടു്.

ഈ സർക്കാർ വന്നതിനു ശേഷം 2006–ൽ തന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചി ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം, മലബാർ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് എന്നിവിടങ്ങളിലെ അധികാരി കളെ ഭൂമി അളന്നു് തിട്ടപ്പെടുത്താനും നഷ്ടപ്പെട്ട ഭൂമി തിരികെ പിടിക്കാനും നിർദ്ദേശിച്ചു. ദേവസ്വം മന്ത്രിയുടെ നിർദ്ദേശാനുസരണം ശക്തമായ കത്തുകൾ നൽകിയിരുന്നു. തുടർന്നു് പുതിയ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചി ദേവസ്വം ബോർഡ്, ഗുരുവായൂര ദേവസ്വം, കൂടൽമാണിക്യം ദേവസ്വം കമ്മിറ്റികൾ വന്ന ശേഷം ശക്തമായ ഓർമ്മപ്പെടുത്തൽ സർക്കാർ നടത്തി. നിരന്തരം പുരോഗതി റിപ്പോർട്ട് ആവശ്യപ്പെട്ടു. അതിനുശേഷമാണു് ഭൂമി അളന്നു് തിട്ടപ്പെടുത്താൻ ശ്രമം ആരംഭി ച്ചതു്. എന്നാൽ എല്ലാ ഭരണ സമിതികളും ഇതു് ശുഷ്കാന്തിയോടെ ചെയ്യുന്നതായി കാണുന്നില്ല. സർക്കാ രിനു് നേരിട്ടു ചെയ്യാൻ കഴിയില്ല. എങ്കിലും നിയമപരമായി എല്ലാ സാദ്ധ്യ തകളും പ്രയോജനപ്പെടുത്തി നഷ്ടപ്പെട്ട ദേവസ്വം ഭൂമി തിരികെപ്പിടിക്കാൻ നടപ ടികൾ എടുക്കുന്നതിനും ഭൂമി നഷ്ടപ്പെടു ത്തിയതിനു് ഉത്തരവാദികളായ ദേവസ്വം അധികാരികളുടെയും ഉദ്യോഗസ്ഥരു ടെയും പേരിൽ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനും ആലോചിക്കുന്നു ണ്ടു്.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ::117 7.09.2007-ൽ മറുപടിയ്ക്ക്

<u>സ്കൂൾ കുട്ടികൾക്ക് ഖാദി/കൈത്തറി യൂണിഫോം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.കെ.ശശീന്ദ്രൻ | | ശ്രീ.എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം ഖാദി/കൈത്തറിയൂണിഫോം ഏർപ്പെടുത്തണമെന്ന സർക്കാരിന്റെ നിർദ്ദേശം ഇതുവരെ എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; | എ) | ഖാദി/കൈത്തറി യൂണിഫോം തുണികൾ സ്കൂൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ഖാദി/കൈത്തറി യൂണിറ്റ് ഉദ്യോഗസ്ഥരുമായി കൂടി ആലോചനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരോടും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് പല ജില്ലകളിലും സ്കൂൾ കുട്ടികൾക്ക് യൂണിഫോം തുണി വിതരണം ചെയ്തതായി 21.8.2007 ന് ചേർന്ന റിവ്യൂ മീറ്റിംഗിൽ ഡി.ഡി.ഇ.മാർ അറിയിച്ചു. യൂണിഫോം തുണി എത്ര സ്കൂളുകളിൽ വിതരണം ചെയ്തു എന്നതിന്റെ റിപ്പോർട്ട് ശേഖരിച്ചുവരുന്നു. |
| ബി) | സ്കൂളുകൾക്ക് ആവശ്യമായ യൂണിഫോം തുണി ഖാദി/കൈത്തറി വിഭാഗത്തിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട് |

| | |
|---|---|
| സി) എങ്കിൽ ഈ കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുമോ? | സി) നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ യൂണിഫോം പദ്ധതിക്കാവശ്യമായ തുണി ഉൽപാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ധനം സ്വരൂപിക്കുന്നതിന് കൈത്തറി സഹകരണസംഘങ്ങൾക്ക് കൂടുതൽ സമയം ആവശ്യമായി വന്നതിനാൽ ഈ പദ്ധതിയുടെ തുടക്കത്തിൽ കുറച്ച് കാലതാമസം നേരിട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ തടസ്സങ്ങൾ നീങ്ങി. മെച്ചമായ രീതിയിൽ സംസ്ഥാനത്തുടനീളം ഏകദേശം 3000 തറികളിൽ ഇതിലേക്ക് പ്രവർത്തനം നടത്തുന്നുണ്ട്. തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് ജില്ലകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്ന തനിമ, കൃതിക, പ്രതിഭ തുടങ്ങിയ പദ്ധതികളും, കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന ടെക്സ്റ്റയിൽ ക്ലസ്റ്റർ പദ്ധതിയും, പൂട്ടിക്കിടക്കുന്ന കൈത്തറി സംഘങ്ങൾ പ്രവർത്തനക്ഷമമാക്കാൻ ആവിഷ്കരിച്ച നൂതന ഉൽപ്പന്ന വികസന പരിപാടി തുടങ്ങിയവയുമെല്ലാം കൂടുതൽ കൈത്തറി, തുണികൾ ലഭ്യമാക്കാൻ പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 118 7.9.2007 -ന് മറുപടിക്ക്

## പ്രകൃതിക്ഷോഭങ്ങളിൽ മരണമടയുന്നവർക്കുള്ള സാമ്പത്തിക സഹായം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. ബാബുപോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. എൻ. രാജൻ | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

-----

| | |
|---|---|
| (എ) പ്രകൃതിക്ഷോഭങ്ങളിൽ മരണമടയുന്നവർക്കും ദുരിതമനുഭവിക്കുന്നവർക്കുമുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ഇനത്തിലും ഉണ്ടായ വർദ്ധനവ് എത്ര വീതമാണെന്നു വെളിപ്പെടുത്തുമോ; | (എ) 2/8/2007സ.ഉ.എം.എസ്.284/07/ഡി.എം.ഡി ഉത്തരവ് പ്രകാരം പ്രകൃതിക്ഷോഭങ്ങളിൽ മരണമടയുന്നവർക്കും ദുരിതമനുഭവിക്കുന്ന വർക്കുമുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. 2/4/02-ലെ സ.ഉ.എം.എസ്.65/2002/ആർ.ഡി പ്രകാരം മരണമടഞ്ഞ കുട്ടികളുടെ ആശ്രിതർക്ക് പതിനയ്യായിരം രൂപയും പ്രായപൂർത്തിയായവരുടെ ആശ്രിതർക്ക് 50,000/- രൂപ വീതവും നല്കി വന്നിരുന്നു. എന്നാൽ പുതുക്കിയ ഉത്തരവ് പ്രകാരം പ്രായഭേദമന്യേ എല്ലാവർക്കും 1,00,000/- രൂപയായി, 27/06/07 മുതൽ മുൻകാലപ്രാബല്യത്തോടെ ഉത്തരവായിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന പ്രായപൂർത്തിയായവർക്ക് ഒരു ദിവസത്തേയ്ക്ക് 20/- രൂപയായും പ്രായപൂർത്തിയാകാത്തവർക്ക് 15/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്

--- --- ---

| | | | |
|---|---|---|---|
| (ബി) | ഈ വർഷത്തെ കാലവർഷക്കെടുതിയിൽ ഉണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) യും (സി) യും | 2007 ലെ തെക്കുപടിഞ്ഞാറൻ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഇതേവരെ 244 പേർ മരണപ്പെട്ടിട്ടുണ്ട്. 35337.13 ഹെക്ടറിലായി 18,378 ലക്ഷം രൂപയുടെ കൃഷിനാശവും ഉണ്ടായി. 2020 വീടുകൾ പൂർണ്ണമായി തകർന്നു. 49,107 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 3086.84 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. കാലവർഷക്കെടുതിയിൽ 48,937.47 ലക്ഷം രൂപയുടെ പൊതുമുതൽ നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.<br>കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലായി 1532.34 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായുടെ കണക്കാക്കിയിട്ടുണ്ട്.<br>ജീവഹാനി സംഭവിച്ച 202 പേരുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. അവശേഷിക്കുന്ന 42 ആളുകളുടെ പേരു വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) | ജീവഹാനി, കൃഷിനാശം, ഗൃഹനഷ്ടം തുടങ്ങിയവ സംഭവിച്ചവരുടെ വിശദ വിവരം ലഭ്യമാക്കാമോ; | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 119 — 7.9.2007-ൽ മറുപടിക്ക്

" പാഠപുസ്തക വിതരണത്തിലെ കാലതാമസം"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. ബാബു പ്രസാദ് | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഓണപരീക്ഷയ്ക്കു മുൻപായി പാഠപുസ്തകങ്ങൾ വിതരണം ചെയ്തുകഴിഞ്ഞിരുന്നോ; | എ) & ബി) | ചില വിഷയങ്ങളുടെ കുറച്ചു പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടായിരുന്നു. അവ വിദ്യാർത്ഥികൾക്ക് എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞു. |
| ബി) | ഇല്ലെങ്കിൽ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും; | | |
| സി) | ഇതുമൂലം കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | എങ്കിൽ എന്തുനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | ഡി) | പാഠ പുസ്തകങ്ങൾ എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞു. കൂടാതെ 21.8.07-ൽ ജില്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ യോഗത്തിൽ പാഠപുസ്തക ലഭ്യത വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു കാരണവശാലും പാഠപുസ്തകത്തിന്റെ കുറവ് അനുഭവപ്പെടരുത് എന്ന ലക്ഷ്യത്തോടെ 28 ഇനങ്ങളുടെ 5,76,800 കോപ്പികൾ കൂടി അച്ചടിക്കാനുള്ള പ്രിന്റ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് പ്രധാനമായും ബഫർ സ്റ്റോക്കായി ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. ഹൈക്കോടതിയിൽ നിലവിലുള്ള കേസിലെ സ്റ്റേ മാറുന്ന മുറയ്ക്ക് ഹയർ സെക്കൻഡറി ക്ലാസുകളിലെ പുസ്തകങ്ങളും വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 120** — **07-09-2007-ൽ മറുപടിയ്ക്ക്**

### "കായിക ക്ഷമതാ പദ്ധതി"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പ്രദീപ് കുമാർ:<br>ശ്രീ. എ.എം.യൂസഫ്:<br>ശ്രീ. കെ.പി.പത്മനാഭൻ:<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.ബി.ഡി.ദേവസ്സി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സംസ്ഥാനത്തെ കായിക രംഗം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കായിക ക്ഷമതാ പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ)<br>ഉണ്ട്. |
| (ബി)<br>ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; കായികക്ഷമത പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത്; | (ബി)<br>കായിക വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം കായിക ക്ഷമത കൈവരിക്കലും സ്ഥിരമായി വ്യായാമത്തിൽ ഏർപ്പെടുവാൻ പാകത്തിലുള്ള മന:സ്ഥിതിയുടെ രൂപീകരണവുമാണ്. ഇതിനായി നന്നെ ചെറുപ്പത്തിൽ തന്നെ ശാസ്ത്രീയമായി വ്യായാമം ചെയ്യുന്നതിനെ കുറിച്ചും കളികളിൽ ഏർപ്പെടുത്തുന്നതിനെ കുറിച്ചും കുട്ടികളെയും മാതാപിതാക്കളെയും ബോധവൽക്കരിക്കേണ്ടതുണ്ട്. ഇതിനായി ജീവിതാന്ത്യം വരെ തുടർന്ന് പോകത്തക്ക വിധത്തിൽ കായിക പ്രവർത്തനങ്ങൾ അഭ്യസിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുകയും, ആയതിന് ഗുണപരമായ സമീപനം വളർത്തിയെടുക്കുകയും ചെയ്യേണ്ടത് സ്കൂളുകളിൽ നിന്നാണ്.<br>സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയിലെ പരിശോധനാ ഇനങ്ങൾക്ക് പ്രത്യേക ഉപകരണങ്ങൾ ആവശ്യമില്ല. താഴെ പറയുന്ന ടെസ്റ്റ് ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>(1) 1 മൈൽ ഓട്ടം<br>(2) സിറ്റ് അപ്സ്<br>(3) സിറ്റ് ആന്റ് റീച്ച്<br>(4) മോഡിഫൈഡ് പുൾ അപ്സ്<br>(5) ബോഡിമാസ് ഇൻഡക്സ്<br>(6) ഹെൽത്ത് ചെക്കപ്പ്. |
| (സി)<br>കായികക്ഷമത സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി)<br>ഉണ്ട്. കായിക ക്ഷമത പരിശോധിച്ച് എല്ലാവർക്കും ഹെൽത്ത് കാർഡ് കൊടുക്കുന്നതും എല്ലാ വർഷവും പരിശോധന നടത്തി പുതുക്കുന്നതുമാണ്. മെച്ചപ്പെട്ട നിലവാരം പുലർത്തുന്നവർക്ക് പുരസ്കാരം നൽകുന്നതാണ്. |
| (ഡി)<br>ഏതെല്ലാം വകുപ്പുകളിലാണ് കായിക ക്ഷമതാ പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ? | (ഡി)<br>വിദ്യാഭ്യാസ വകുപ്പിലാണ് ഇത് ആദ്യപടിയായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |

S. Malathy

സെക്ഷൻ ഓഫീസർ